**പതിനാലാം കേരള നിയമസഭ**

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

**ഒന്നാമത് റിപ്പോർട്ട്**

(2016 ഒക്ടോബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2001-2003) യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

ഒന്നാമത് റിപ്പോർട്ട്

(2016 ഒക്ടോബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2001-2003) യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

1135/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം - I | .. | 2 |
| ഭാഗം - II സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകൾ | .. | 73 |
| അനുബന്ധം | .. | 74 |

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## സമിതിയുടെ ഘടന

അദ്ധ്യക്ഷ :

ശ്രീമതി പി. അയിഷാ പോറ്റി

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

ശ്രീമതി വീണാ ജോർജ്

ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ, സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതിക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും സമിതി നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ സമിതി (2001-03), 2002 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2016 ഒക്ടോബർ 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2016 ഒക്ടോബർ 20

**പി. അയിഷാ പോറ്റി,**
*അദ്ധ്യക്ഷ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പതിനൊന്നാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2001-2003)യുടെ ഒന്നാമത് റിപ്പോർട്ട് 2002 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിക്ക് ലഭിച്ച പരാതികളുടെയും ഗവൺമെന്റിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാ ആസ്ഥാനയോഗങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൊതുവായ റിപ്പോർട്ടിൽ 65 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഒന്നാമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 22-1-2003-ൽ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2001-2003)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് സർക്കാരിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശയും ബന്ധപ്പെട്ട വകുപ്പിന്റെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു.

വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ടിനോടൊപ്പം ലഭ്യമായിട്ടുള്ള സർക്കാർ ഉത്തരവുകളും രേഖകളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ
## (സമിതി അംഗീകരിച്ചവ)

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | 2 | 3 |
| 1 | ബസ് യാത്രയിൽ വിദ്യാർത്ഥിനികളും ഉദ്യോഗസ്ഥരും സ്ത്രീ തൊഴിലാളികളും വളരെയധികം പ്രയാസം അനുഭവിക്കേണ്ടി വരുന്നു. സ്റ്റോപ്പിൽ ബസ് നിർത്താത്തതുമൂലം ഉണ്ടാകുന്ന അസൗകര്യങ്ങൾ നിത്യവും കാണാവുന്ന കാഴ്ചയാണ്. പ്രായമായ സ്ത്രീകൾക്ക് ബസ്സിനുള്ളിലേക്ക് പ്രവേശിക്കാൻ പാകത്തിലല്ല ചവിട്ടുപടി നിർമ്മിച്ചിരിക്കുന്നത്. ബസ്സിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ സ്ത്രീകളുടെ സീറ്റിലിരിക്കുന്ന പുരുഷന്മാർ സീറ്റൊഴിഞ്ഞു കൊടുക്കുന്നതിന് പലപ്പോഴും തയ്യാറാകാറില്ല. ചില ബസ്സുകളിൽ പിടിച്ചുനിൽക്കുന്നതിന് ഒരു കമ്പി മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതുതന്നെ പലപ്പോഴും ഉയരക്കൂടുതലുമായിരിക്കും. ഇത് സ്ത്രീകൾക്ക് വളരെയധികം അസൗകര്യം ഉണ്ടാക്കുന്നതായി സമിതിക്ക് അറിയാൻ കഴിഞ്ഞു. പ്രൈവറ്റ് ബസ്സുകളിലെ ജീവനക്കാർ വിദ്യാർത്ഥിനികളോട് മോശമായ ഭാഷയിൽ സംസാരിക്കാറുണ്ടെന്നും അവർക്ക് കൺസഷൻ നൽകാനും അവരെ ബസ്സിൽ കയറ്റാനും വിമുഖത കാണിക്കുന്നതായും സമിതിക്ക് ലഭിച്ച പരാതികളിൽ കാണുന്നു.<br><br>(ഖണ്ഡിക 10) | **ആഭ്യന്തര വകുപ്പ്**<br><br>(18-7-2003-ലെ 18058/എസ്.സി.3/03/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ഈ ശിപാർശയിലെ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളിന്മേൽ സത്വര നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഡി.ജി.പി. നൽകിയിട്ടുണ്ട്.<br><br>(24-3-2004-ലെ യോഗത്തിൽ പരിഗണിച്ചു) |

| 1 | 2 | 3 |
|---|---|---|
| | **24-3-2004-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br><br>റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെ സംബന്ധിച്ച് സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും, ബസ് യാത്രയ്ക്കിടെയുള്ള ബുദ്ധിമുട്ടുകൾ ഇപ്പോഴും തുടരുന്നതിനാൽ ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ ജാഗ്രത പാലിക്കണമെന്നും ജില്ലാ കേന്ദ്രങ്ങളിലെ പ്രധാന ബസ് സ്റ്റോപ്പുകളിലെങ്കിലും പോലീസിന്റെ സാന്നിദ്ധ്യത്തിൽ യാത്രക്കാരെ ബസ്സിൽ കയറുന്നതിനുള്ള നടപടി വേണമെന്നും സമിതി അഭിപ്രായപ്പെട്ടു. | **ആഭ്യന്തര വകുപ്പ്**<br><br>(18-5-2009-ലെ 43499/എസ്.സി.3/2006/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ജില്ലാ പോലീസ് അധികാരികൾ അവരവരുടെ അധികാര പരിധിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് എല്ലാ യാത്രാ ബസ്സുകളും സ്റ്റോപ്പുകളിൽ നിർത്തി യാത്രക്കാരെയും വിദ്യാർത്ഥിനികളെയും ബസ്സുകളിൽ കയറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ടി നിർദ്ദേശങ്ങൾ പാലിക്കാത്ത ബസ് ജീവനക്കാർക്കെതിരെ പെറ്റികേസ് ചാർജ് ചെയ്ത് പിഴ ഈടാക്കി വരുന്നതുമാണ്. ബസ്സുകളിൽ സ്ത്രീകൾക്കായി നീക്കി വെച്ചിട്ടുള്ള സീറ്റുകളിൽ പുരുഷൻമാർ യാത്രചെയ്യുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനുവേണ്ടി പോലീസ് സർപ്രൈസ് ചെക്കിംഗ് നടത്തി വരുന്നു. യാത്രക്കാരികളോടും വിദ്യാർത്ഥിനികളോടും അപമര്യാദയായി പെരുമാറുന്നതായി പരാതി ലഭിക്കുന്ന സംഭവങ്ങളിൽ കേസ് ചാർജ് ചെയ്ത് ഉത്തരവാദിയായവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മാത്രമല്ല വിദ്യാർത്ഥിനികൾക്ക് ഉണ്ടാകുന്ന യാത്രാ അസൗകര്യങ്ങൾ പരിഹരിക്കാനായി സ്കൂൾ വിടുന്ന സമയത്ത് പ്രധാനപ്പെട്ട വിദ്യാലയങ്ങൾക്കുമുന്നിൽ പോലീസുകാരെ നിയോഗിച്ച് ബസ് കയറ്റി വിടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സമിതിയുടെ ശിപാർശയിൽ പറയുന്ന വിഷയങ്ങളായ ബസ്സിനുള്ളിൽ |

| 1 | 2 | 3 |
|---|---|---|
| | | പ്രവേശിക്കാൻ പാകത്തിലുള്ള ചവിട്ടു പടി നിർമ്മാണം, ബസ്സിനുള്ളിൽ പിടിച്ചു നിൽക്കുന്നതിന് ഒരു കമ്പി മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നിവ ഗതാഗത വകുപ്പുമായി ബന്ധപ്പെട്ടതാണ്. ആയതിനാൽ ടി വിഷയങ്ങളിൽ ഉചിതമായ നടപടി സ്വീകരിക്കാനും, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നേരിട്ട് സമിതിക്ക് ലഭ്യമാക്കാനും വേണ്ട നിർദ്ദേശം ഗതാഗത വകുപ്പിന് നൽകിയിട്ടുണ്ട്.<br><br>(4-8-2009-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>**ഗതാഗത വകുപ്പ്**<br><br>(16-8-2010-ലെ 5864/എ 2/2009/ഗതാഗത നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>1989-ലെ കേരള മോട്ടോർ വാഹനച്ചട്ടം 281 പ്രകാരം സ്റ്റേജ് ക്യാരേജുകളിലെല്ലാം തന്നെ രണ്ട് ഗ്രാബ് റെയിലുകൾ (പിടിച്ചു നിൽക്കുന്നതിനുള്ള കമ്പി) ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മോട്ടോർ വാഹന ചട്ടം 282 പ്രകാരം ബസ്സിന്റെ ഫുട്ബോർഡിന്റെ ഉയരം 40 സെന്റീമീറ്ററിൽ കൂടുവാനോ, 25 സെന്റീമീറ്ററിൽ കുറയുവാനോ പാടുള്ളതല്ല. ഈ രണ്ട് ചട്ടങ്ങൾക്കും അനുസൃതമായി മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലേക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും, |

| 1 | 2 | 3 |
| --- | --- | --- |
| | | വർഷംതോറുമുള്ള CF test സമയത്തും, അല്ലാതെ വാഹനങ്ങൾ പരിശോധിക്കുമ്പോഴെല്ലാം ഇക്കാര്യങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. ഇപ്പോൾ ചവിട്ടുപടികളെക്കുറിച്ചും, പിടിച്ചു നിൽക്കുന്ന കമ്പിയെക്കുറിച്ചുമുള്ള പരാതികൾ പൊതുവെ കുറവാണ്. അത്തരത്തിലുള്ള വ്യക്തമായ, രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ഉടനടി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. അതിനു പുറമെ മേൽ വിഷയത്തിൽ വാഹന പരിശോധന സമയങ്ങളിൽ കർശനമായി നടപടി എടുക്കാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.<br><br>കൂടാതെ ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷൻ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ലോഫ്ലോർ, എ.സി./സെമി ലോഫ്ലോർ, നോൺ എ.സി. ബസ്സുകൾ നിർമ്മിച്ചിരിക്കുന്നത് കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചാണ്. പ്രസ്തുത ബസ്സുകളിൽ ഏറ്റവും താഴെയുള്ള ചവിട്ടുപടിയുടെ ഉയരം തറനിരപ്പിൽ നിന്നും 40 സെ.മീ. ആണ്. ഇവയിൽ ഹെഡ് റൂഫിന്റെ ഉയരം 1.9 മീറ്റർ ആണ്. ഈ വാഹനങ്ങളിലും യാത്രക്കാർക്ക് നിന്ന് യാത്ര ചെയ്യാവുന്ന ഭാഗത്ത് അനായാസേന പിടിച്ചു നിൽക്കുവാൻ സാധിക്കത്തക്ക രീതിയിലാണ് 'ഗ്രാബ് റെയിലും' അതിൽ ഹാംഗർ സ്ട്രാപ്പും ഘടിപ്പിച്ചിരിക്കുന്നത്.<br><br>(14-12-2011-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 2 | വനിതാസെല്ലുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന് ജില്ലാ യോഗങ്ങളിൽ സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. സ്ത്രീപീഡനക്കേസുകൾ അന്വേഷിക്കുന്നതിന് സ്വതന്ത്രമായ ഒരു വനിതാസെൽ എല്ലാ ജില്ലകളിലും ഉണർന്ന് പ്രവർത്തിക്കുകയാണെങ്കിൽ സ്ത്രീപീഡനക്കേസുകളിൽ തെളിവുകൾ നശിക്കുന്നതിന് മുമ്പ് തന്നെ പരിശോധന നടത്തുന്നതിനും പ്രതിയെ നിയമത്തിനു മുന്നിൽ ഹാജരാക്കി . അർഹമായ ശിക്ഷ നടപ്പാക്കുന്നതിനും സഹായകമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനുവേണ്ടി വനിതാ സെല്ലിന് പ്രത്യേക വാഹനം ആവശ്യമാണ്. ഇതിനു പുറമേ ഓരോ പഞ്ചായത്തിലേക്കും വനിതാ സംഘടനാ പ്രതിനിധികളിൽ നിന്ന് വാളണ്ടിയർമാരെ തെരഞ്ഞെടുത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി സ്ത്രീകളെ ബോധവൽക്കരിക്കാനും കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, സ്ത്രീപീഡനക്കേസുകളിൽ കഷ്ടതയനുഭവിക്കുന്നവർക്ക് നിയമോപദേശം നൽകാനും അവരെ സഹായിക്കുന്നതിനും ഈ വാളണ്ടിയർമാരെ നിയോഗിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br><br>(ഖണ്ഡിക 13) | **ആഭ്യന്തര വകുപ്പ്**<br><br>(12-6-2007-ലെ 18050/കെ2/03/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>വനിതാ സെല്ലുകൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീപീഡനക്കേസുകൾ അന്വേഷിക്കാൻ നിലവിൽ വനിതാ സെല്ലുകൾക്ക് അധികാരം ഇല്ലെങ്കിലും ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ മുഖാന്തിരം ടി കേസുകൾ അന്വേഷിച്ചുവരുന്നു. അന്വേഷണത്തിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാലോ, പരാതികൾ ലഭിച്ചാലോ ആവശ്യമെങ്കിൽ പുനരന്വേഷണം നടത്താറുണ്ട്. ലോക്കൽ പോലീസ് അന്വേഷണം അപര്യാപ്തമാണെന്നു കണ്ടാൽ ഇത്തരം കേസുകൾ ക്രൈം ബ്രാഞ്ചിന് നൽകാറുണ്ട്. വനിതാ സെല്ലുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വാഹനം ലഭ്യമാക്കിയിട്ടുണ്ട്. ജാഗ്രതാസമിതികളുമായി ബന്ധപ്പെടുത്തി ഓരോ പഞ്ചായത്തിലും വനിതാ സംഘടനാ പ്രതിനിധികളിൽ നിന്നും വാളന്റിയർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതിന് നടപടി എടുത്തുവരുന്നു.<br><br>(8-8-2008-ലെ യോഗത്തിൽ പരിഗണിച്ചു) |

| 1 | 2 | 3 |
|---|---|---|
| | **8-8-2008-ൽ സമിതി ആരാഞ്ഞ അധികവിവരം**<br><br>വനിതാസെല്ലുകൾ മുഖേന ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്, ഇതിനകം എത്ര കേസ്സുകൾ തെളിയിക്കാൻ സാധിച്ചിട്ടുണ്ട്, എത്ര സമയത്താണ് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത് എന്നീ കാര്യങ്ങൾ ആരായാൻ തീരുമാനിച്ചു. | **ആഭ്യന്തര വകുപ്പ്**<br><br>(27-2-2009-ലെ 66422/കെ2/08/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വനിതാ സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും, അവ ഉന്മൂലനം ചെയ്യുന്നതിനും അഥവാ കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ സത്വര നടപടിക്ക് വിധേയമാക്കുന്നതിനും, കുടുംബ പ്രശ്നങ്ങളിൽ കൗൺസിലിംഗ് നടത്തി പരിഹാരം കണ്ടെത്തിക്കൊടുക്കുകയും, സെല്ലുകളിൽ വരുന്ന പരാതികളിന്മേൽ സത്വര നടപടി സ്വീകരിക്കുകയും ആയത് വേണ്ട രീതിയിൽ കൈകാര്യം ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>ജില്ലാ വനിതാ സെല്ലുകളുടെ ആഭിമുഖ്യത്തിൽ എല്ലാ വനിതാ സെല്ലുകളിലും 2007-08 കാലയളവിൽ രണ്ട് പ്രാവശ്യം അദാലത്തും, സെമിനാറും സംഘടിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഗാർഹിക പീഡന നിയമത്തെക്കുറിച്ചും, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളും പരിരക്ഷയും സംബന്ധിക്കുന്ന നിയമങ്ങളെ |

| 1 | 2 | 3 |
|---|---|---|
| | | കുറിച്ചും, ബാലവനീതി നിയമത്തെ കുറിച്ചും, ഉള്ള ബോധവത്കരണ ക്ലാസ്സുകൾ വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിയിട്ടുള്ളതാകുന്നു. എല്ലാ ജില്ലാ വനിതാ സെല്ലുകളിലും ഉപദേശക സമിതി രൂപീകരിച്ചിട്ടുള്ളതും മൂന്ന് മാസത്തിലൊരിക്കൽ സമിതി കൂടി സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തെ സംബന്ധിച്ച് ചർച്ച നടത്തി പുരോഗതി വിലയിരുത്തുന്നതാണ്. ഉത്തര മേഖലയിലുള്ള എല്ലാ വനിതാ സെല്ലുകളിലും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായകരമായിത്തീരുന്ന ഹെൽപ്പ് ലൈൻ പ്രവർത്തിച്ചുവരുന്നു.<br><br>കേസ് രജിസ്റ്റർ ചെയ്യുന്നതിനും അതിന്മേലുള്ള അന്വേഷണത്തിനും വനിതാസെല്ലുകൾക്ക് അധികാരം ഇല്ലാത്തതാകുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള പീഡനത്തിന് അതാത് പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്യുന്നതും അന്വേഷണം നടത്തുന്നതും.<br><br>എല്ലാ ജില്ലാ വനിതാ സെല്ലുകളിലും വാഹനസൗകര്യം ലഭ്യമാണ്.<br><br>(4-8-2009-ലെ യോഗത്തിൽ പരിഗണിച്ചു) |
| 3 | അനധികൃത റിക്രൂട്ടിംഗ് ഏജൻസി വഴി വിദേശത്ത് ജോലി തേടി പോകുന്ന സ്ത്രീകൾക്ക് വളരെയധികം പീഡനം ഏൽക്കേണ്ടിവരുന്നു. നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ എന്നീ തസ്തികകളിൽ ജോലി വാഗ്ദാനം ചെയ്ത് വിദേശത്ത് കൊണ്ടുപോയി | **നോർക്ക വകുപ്പ്**<br>(26-6-2008-ലെ 1161/ബി3/07/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ തേടി എത്തുന്ന |

| 1 | 2 | 3 |
|---|---|---|
| | തുച്ഛമായ ശമ്പളത്തിൽ വീട്ടുജോലി ചെയ്യിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ചൂഷണങ്ങൾ യഥാസമയത്ത് കണ്ടു പിടിക്കുന്നതിനും അവ തടയുന്നതിനും പ്രവാസി കേരളീയകാര്യ വകുപ്പിന്റെ കാര്യക്ഷമതയിൽ സമിതിക്ക് സംശയമുണ്ട്. പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ജനപ്രതിനിധികൾക്ക് അർഹമായ പ്രാതിനിധ്യം നൽകി പ്രവാസി മലയാളികളുടെ യോഗം വിളിച്ചു ചേർക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.<br><br>(ഖണ്ഡിക 15) | സ്ത്രീകൾക്ക് പീഡനം ഏൽക്കേണ്ടി വരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട ഇൻഡ്യൻ എംബസിവഴി ഇവരെ നാട്ടിലെത്തിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇൻഡ്യയിൽനിന്ന് റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികൾക്കു നേരെയുള്ള ചൂഷണം തടയുന്നതിനായി കേന്ദ്ര സർക്കാർ നടപടികൾ എടുത്തു വരുന്നു. ഇൻഡ്യൻ എമിഗ്രേഷൻ നിയമങ്ങൾക്കനുസൃതമായി ഇൻഡ്യൻ തൊഴിലാളികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്ന കരാറുകൾക്ക് ഇൻഡ്യൻ എംബസിയും ബന്ധപ്പെട്ട രാജ്യവും രൂപം നൽകുന്നതിനും, അതത് സർക്കാരുകളുമായി കൂടിയാലോചിച്ച് വേതനം ബാങ്കുകളിൽക്കൂടി നൽകുന്നതിനും തൊഴിലാളികളുടെ പാസ്പോർട്ട് അതത് സർക്കാരുകളുടെ കൈവശം സുരക്ഷിതമായി വയ്ക്കുന്നതിനും വ്യക്തിപരമായി റിക്രൂട്ട് ചെയ്യുന്നവർക്ക് സ്പോൺസർമാർ ബാങ്ക് ഗ്യാരന്റി നൽകുന്നതിനും കുറഞ്ഞ വേതനം 300-350 അമേരിക്കൻ ഡോളറിന് ഇടയ്ക്കായിരിക്കണം എന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഇവ കൂടാതെ സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന നിബന്ധനകൾ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട് :<br><br>(എ) വിദേശത്ത് ജോലി ചെയ്യാനാഗ്രഹിക്കുന്ന എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമായ സ്ത്രീകൾക്ക് 30 വയസ്സ് പൂർത്തിയായിരിക്കണം. |

1135/2016

| 1 | 2 | 3 |
| --- | --- | --- |
| | | (ബി) തൊഴിലാളിയും തൊഴിൽ ദാതാവും തമ്മിൽ നേരിട്ട് തൊഴിൽകരാറിൽ ഏർപ്പെട്ടിരിക്കണം. വീട്ടുജോലി ചെയ്യുന്ന സ്ത്രീകൾക്ക് നിർബന്ധമായും ഒരു പ്രീപെയ്ഡ് മൊബൈൽ ഫോൺ നൽകിയിരിക്കണം.<br><br>(സി) എമിഗ്രേഷൻ നടപടികൾക്ക് ശേഷം ഇൻഷുറൻസ് പോളിസി ക്യാൻസൽ ചെയ്ത് ഒറ്റത്തവണ പ്രീമിയം തിരികെ വാങ്ങുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം.<br><br>(ഡി) എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള സ്ത്രീകൾ നിർബന്ധമായും തൊഴിൽകരാർ ബന്ധപ്പെട്ട ഇൻഡ്യൻ മിഷനിൽ അറ്റസ്റ്റ് ചെയ്തിരിക്കണം.<br><br>മേൽ വിവരിച്ച നടപടികൾ വഴി സ്ത്രീകൾക്കെതിരായ ചൂഷണം തടയുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വിദേശത്തുള്ള ഇൻഡ്യാക്കാരന്റെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് കേന്ദ്രസർക്കാർ മുഖേനമാത്രമേ കഴിയുകയുള്ളൂ. ജനപ്രതിനിധികൾക്ക് പ്രാതിനിധ്യം നൽകി നോർക്ക-റൂട്ട്സിന്റെ ഡയറക്ടർ ബോർഡ് സർക്കാർ വിപുലപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ജനപ്രതിനിധികൾക്ക് ഇത്തരം കേസുകളിൽ ഫലപ്രദമായി ഇടപെടുന്നതിന് കഴിയും എന്നതിനാൽ ചൂഷണം തടയുന്നതിന് വേണ്ടി ജനപ്രതിനിധികൾക്ക് അർഹമായ പ്രാതിനിധ്യം നൽകി പ്രവാസി മലയാളികളുടെ യോഗം ചേരണമെന്ന നിർദ്ദേശത്തോട് സർക്കാർ യോജിക്കുന്നില്ല.<br><br>(22-10-2008-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 4 | ഉദ്യോഗസ്ഥകളും സ്ത്രീതൊഴിലാളികളും ജോലി സ്ഥലത്ത് അനുഭവിക്കുന്ന പീഡനങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു ചെറിയ ശതമാനം മാത്രമാണ് പരാതികളുമായി മുന്നോട്ട് വരാറ്. ഇതിന്റെ പ്രധാന കാരണം നമ്മുടെ സാംസ്കാരിക പശ്ചാത്തലവും പീഡനത്തിനെതിരെ പ്രതികരിക്കുന്ന സ്ത്രീകളോടുള്ള ചില മേലാഫീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്നുള്ള അലംഭാവവും അവഹേളനവുമാണ്. ഇതിനെതിരെ സ്ത്രീകൾക്ക് നിയമസംരക്ഷ ഉറപ്പാക്കണമെന്നും സ്ത്രീകൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും സ്ത്രീകൾക്കായി ഒരു പരാതി പരിഹാരസെൽ രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇതോടൊപ്പംതന്നെ സ്ത്രീകൾക്കുള്ള നിയമപരിരക്ഷ ദുരുപയോഗം ചെയ്യുന്നത് വർദ്ധിച്ചുവരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത ഒട്ടുംതന്നെ അഭിലഷണീയമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു.<br><br>(ഖണ്ഡിക 16) | **സാമൂഹ്യനീതി വകുപ്പ്**<br><br>(22-6-2016-ലെ തെളിവെടുപ്പ് യോഗത്തിൽ 3842/ബി3/2008/സാ.ക്ഷ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>തൊഴിൽ സ്ഥലങ്ങളിലെ സ്ത്രീപീഡനം തടയുന്നതിനായുള്ള സുപ്രീം കോടതി മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള പരാതി കമ്മിറ്റികൾ, അൻപതോ അതിലധികമോ ജീവനക്കാർ ഉള്ള എല്ലാ സർക്കാർ വകുപ്പുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും രൂപീകരിക്കുവാൻ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ള സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>(22-6-2010-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.<br><br>**ആഭ്യന്തര വകുപ്പ്**<br><br>(22-10-2012-ലെ 74075/ബി1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ജയിൽ വകുപ്പിലെ വനിതാ ഉദ്യോഗസ്ഥർക്ക് നേരെയുള്ള പീഡന |

| 1 | 2 | 3 |
|---|---|---|
| | | ങ്ങളും അതിക്രമങ്ങളും തടയുന്നതിന് ജയിൽ കേന്ദ്ര കാര്യാലയത്തിലെ ചീഫ് ആഡിറ്റ് ഓഫീസർ അദ്ധ്യക്ഷയായി 14 അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.<br>(9-01-2013-ലെ യോഗത്തിൽ അംഗീകരിച്ചു)<br>ഉത്തരവ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| 5 | ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പല വനിതാ ഹോസ്റ്റലുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവേശനത്തിന് അർഹരായ സ്ത്രീ ജീവനക്കാർ അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുമ്പോൾ തന്നെ പ്രവേശനം ലഭിച്ചുകഴിഞ്ഞവരോടൊപ്പം അതിഥികൾ താമസിക്കുന്നു. സ്ഥലം മാറിപ്പോയവർ മുറി ഒഴിഞ്ഞു കൊടുക്കാതെ അത് മറ്റുള്ളവർക്ക് നൽകി ഹോസ്റ്റൽ നിയമങ്ങളെയും തൃണവൽഗണിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം നിയമാവലി അനുസരിച്ച് മാത്രമായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>(ഖണ്ഡിക 17) | **<u>സാമൂഹ്യനീതി വകുപ്പ്</u>**<br>(17-6-2013-ലെ 3842/ബി3/2008/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വനിതാവികസന കോർപ്പറേഷൻ നേരിട്ട് നടത്തി വരുന്ന എല്ലാ ഹോസ്റ്റലുകളിലും പ്രവേശനം ലഭിച്ചവരോടൊപ്പം അതിഥികളാരും തന്നെ താമസിക്കുന്നില്ല. കൂടാതെ കോർപ്പറേഷന്റെ എല്ലാ ഹോസ്റ്റലുകളുടെയും പ്രവർത്തനം നിയമാവലി അനുസരിച്ചാണ് നടക്കുന്നത്.<br>(4-9-2013-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 6 | ചെറിയ കുട്ടികളുള്ള സ്ത്രീ ജീവനക്കാർക്കും തൊഴിലാളികൾക്കും നഗരങ്ങളിലെ താമസം ഒരു പ്രധാന പ്രശ്നമാണ്. ഇത്തരക്കാർക്ക് താമസ സൗകര്യം ഒരുക്കുന്നതിന് ഗവൺമെന്റോ സന്നദ്ധ സംഘടനകളോ തയ്യാറായതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് വളരെ വർഷം കാത്തിരിക്കേണ്ടി വരുന്ന സ്ത്രീ ജീവനക്കാർക്ക് പെൺകുട്ടികളെയും 10 വയസ്സുവരെയുള്ള ആൺകുട്ടികളെയുംകൂട്ടി താമസിക്കാൻ അനുവദിക്കുന്ന ഹോസ്റ്റലുകൾ വളരെ ഉപകാരപ്രദമായിരിക്കും. ഈ സ്ഥിതിക്ക് അത്തരം ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് സർക്കാരും സന്നദ്ധ സംഘടനകളും മുന്നോട്ടു വരണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>(ഖണ്ഡിക 18) | **<u>സാമൂഹ്യനീതി വകുപ്പ്</u>**<br>(17-06-2013-ലെ 3842/ബി3/2008/സാനീവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ചെറിയ കുട്ടികളുള്ള സ്ത്രീ ജീവനക്കാർക്ക് വനിതാ വികസന കോർപ്പറേഷന്റെ ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്ന കാര്യം ഹോസ്റ്റലുകൾക്ക് സ്ഥലപരിമിതിയുള്ളതിനാൽ ആയത് പരിഹരിക്കുന്ന മുറയ്ക്കേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.<br>(4-9-2013-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 7 | നീതി നിഷേധിക്കപ്പെടുന്നു എന്നു തോന്നുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്മാർ നിഷ്പക്ഷവും നീതിപൂർവ്വകവുമായി നിലപാടുകൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 34) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഇത്തരം സന്ദർഭങ്ങളിൽ നിഷ്പക്ഷവും നീതിപൂർവകവുമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
| --- | --- | --- |
| 8 | സാധാരണ ജനങ്ങൾക്ക് നീതി ഉറപ്പാക്കാൻ സഹായിക്കേണ്ടുന്ന പോലീസുകാരിൽ ചിലരെങ്കിലും സ്വന്തം ജീവിതത്തിൽപ്പോലും ഇത് പാലിക്കാതെ പോകുന്നത് ആശാസ്യമല്ല. ഇക്കാര്യത്തിൽ പോലീസ് വകുപ്പിൽ നിന്നും നടപടിയുണ്ടാകണമെന്നും നിയമ ലംഘനത്തിനെതിരെ പോലീസുകാരെ ബോധവൽക്കരിക്കുന്നതിനും നിയമലംഘനം നടത്തുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 41) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>കുറ്റകൃത്യങ്ങൾ ചെയ്യുന്നത് ആരായിരുന്നാലും പ്രതികൾക്കെതിരെ നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>**<u>ആഭ്യന്തര വകുപ്പ്</u>**<br><br>(22-11-2010-ലെ 50360/എ 1/2008/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സ്ത്രീ പീഡനത്തിനെതിരായ അവബോധം സേനാംഗങ്ങളിൽ ഉണ്ടാക്കാനും സ്ത്രീകൾക്കെതിരായി അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ ക്രിമിനൽ കേസും കർശനമായ വകുപ്പുതല നടപടികളും സ്വീകരിക്കുവാനും എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് കർശനമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നതുമാണ്.<br><br>(14-12-2011-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 9 | ഹർജിക്കാരിയോട് അപമര്യാദയായി പെരുമാറിയ പോലീസുകാരന് നൽകി യിരിക്കുന്ന ശിക്ഷ വളരെ ലഘുവാ ണെന്നും പ്രതി ചെയ്ത കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് മാതൃകാ പരമായി ശിക്ഷിച്ചാൽ മാത്രമേ ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുകയുള്ളുവെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 51) | **<u>ആഭ്യന്തര വകുപ്പ്</u>** (22-3-2006-ലെ 17987/ഡി2/03/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) കുറ്റകൃത്യത്തിന് ആനുപാതികമായി പരമാവധി ശിക്ഷ നൽകിവരുന്നു ണ്ടെന്നും പ്രസ്തുത വിഷയം പ്രത്യേക മായി പരിശോധിച്ചു വരുന്നതായും പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (24-8-2006-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 10 | കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് യഥാവിധി അർഹമായ ശിക്ഷ താമസംവിനാ നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അത് ഹീന കൃത്യങ്ങൾ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ സഹായകമാകു മെന്നും സമിതി കരുതുന്നു. സമൂഹമനഃസാക്ഷിയെ പിടിച്ചുലയ്ക്കുന്ന ഇത്തരം ദാരുണ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 58) | **<u>ആഭ്യന്തര വകുപ്പ്</u>** (14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) പരാതിയിൽ പറയുന്ന <u>പ്രകാരമുള്ള</u> കുറ്റകൃത്യങ്ങൾ നടക്കുന്ന അവസരത്തിൽ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ താമസംവിനാ നൽകുന്നതാണ്. <u>ഇത്തരത്തിലുള്ള</u> ഹീനകൃത്യങ്ങളിൽ പോലീസ് ഉൾപ്പെടാതിരിക്കാൻ വേണ്ട ബോധവൽക്കരണം എല്ലാ പോലീസു കാർക്കും നൽകുന്നതിന് ജില്ലയിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 11 | ജനങ്ങൾക്ക് നീതിയും സംരക്ഷണവും ലഭ്യമാക്കാൻ ബാദ്ധ്യസ്ഥരായ നിയമ പാലകരും പൊതുജനസേവകരുമായ പോലീസുദ്യോഗസ്ഥരിൽ നിന്നമാണ് ഹർജിക്കാരിയായ ശ്രീമതി വിജയ കമ്മത്തിന് അവഹേളനങ്ങളും പീഡനങ്ങളും ഏൽക്കേണ്ടി വന്നത്. ആകയാൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കത്തക്ക വിധത്തിലുള്ള കടുത്ത ശിക്ഷ പ്രതികൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 67) | **ആഭ്യന്തര വകുപ്പ്**<br>(29-8-2006-ലെ 5970/എച്ച്1/06/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പ്രസ്തുത പരാതിയിന്മേൽ കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ട് മുഖേന വിശദമായ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ പരാതിക്കാരി വിജയ കമ്മത്ത് 10-4-1998-ന് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതി നമ്പർ 106/സി2/ പെറ്റീഷൻ 98 ആയി അന്വേഷണ വിധേയമാക്കിയതായും പരാതിയിൽ പറയുന്നതുപോലെ എതിർ കക്ഷികളായ സതീഷ് കട്വയും ഭാര്യ സാവിത്രി കട്വയും കടയിൽ മദ്യവില്പന നടത്തുന്നതായി കണ്ടെത്തിയിട്ടില്ലാത്തതുമാണ്. ആയതിനാൽ മേൽ നടപടി ആവശ്യമായി വന്നിട്ടില്ലെന്ന് വ്യക്തമാവുകയുണ്ടായി. ഇതേ ആരോപണം ഉന്നയിച്ചുകൊണ്ട് ശ്രീമതി വിജയ കമ്മത്ത് കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന് 20-4-1998-ന് പരാതി സമർപ്പിച്ചത് നമ്പർ 16/ക്യാമ്പ്/ഡി/പെറ്റീഷൻ/98 ആയി രജിസ്റ്റർ ചെയ്ത് കമ്പള സർക്കിൾ ഇൻസ്പെക്ടർ അന്വേഷിച്ചിട്ടുള്ളതും അന്വേഷണത്തിൽ പരാതിക്കാരി മൊഴികൊടുക്കുവാൻ വിസമ്മതിച്ചതിനാൽ മൊഴി രേഖപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. |

| 1 | 2 | 3 |
| --- | --- | --- |
| | | പരാതിയിൽ പറഞ്ഞ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്. മേൽ പരാമർശിച്ച പരാതികൾക്ക് പുറമേ പരാതിക്കാരി വനിതാ സെല്ലിൽ 29-6-1998-ന് ഇതേ ആരോപണം ഉന്നയിച്ച് മറ്റൊരു പരാതി നൽകിയിട്ടുള്ളതും മേൽ പരാതി 5/98 ആയി അന്വേഷണം നടത്തി പരാതിക്കാരിക്ക് മേലിൽ യാതൊരു വിധ ശല്യവും ഉണ്ടാകുവാൻ പാടില്ലായെന്ന് എതിർകക്ഷിക്കാരെ താക്കീത് ചെയ്ത് വിട്ടയച്ചിട്ടുള്ളതുമാണ്.<br>പരാതിയിന്മേൽ പോലീസ് നടത്തിയ അന്വേഷണത്തിൽ പോലീസിന് നേരിട്ട് കേസ് എടുക്കുവാനുള്ള കുറ്റങ്ങൾ എതിർകക്ഷിക്കാർ ചെയ്തിട്ടില്ലായെന്ന് വെളിവാകുന്നുണ്ട്. പ്രസ്തുത പരാതിയിന്മേൽ പരാതിക്കാരിക്കുവേണ്ടി പോലീസ് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമായിട്ടുണ്ട്.<br>(8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 12 | പോലീസുകാർക്ക് താൽപര്യമുള്ള കേസുകളിൽ റിക്കാർഡുകൾ സൂക്ഷിക്കുകയും അല്ലാത്തവ അവഗണിക്കുകയും ചെയ്യുന്ന പ്രവണത ആപത്കരമാണ്. ഇപ്രകാരമുള്ള വിവേചനങ്ങളിലൂടെ തെളിഞ്ഞുവരുന്ന സത്യങ്ങളുടെ പേരിൽ സമിതിക്ക് ഉത്കണ്ഠയുണ്ട്. ഇമ്മാതിരി അനുഭവങ്ങൾ മേലിൽ | <u>ആഭ്യന്തര വകുപ്പ്</u><br>(31-1-2006-ലെ 38550/ബി1/2003/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പോലീസ് വകുപ്പിലായാലും മറ്റ് സർക്കാർ കാര്യാലയങ്ങളിലായാലും രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേക |

| 1 | 2 | 3 |
| --- | --- | --- |
| | ഉണ്ടാവാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 76) | കാലയളവുകൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കപ്പെടുന്നുണ്ടെന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (27-2-2006-ൽ പരിഗണിച്ചു) |
| | **<u>27-2-2006-ൽ സമിതി ആരാഞ്ഞ അധിക വിവരം</u>** ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള പ്രത്യേക കാലയളവിന്റെ മാനദണ്ഡം സംബന്ധിച്ച പൂർണ്ണവിവരം അറിയിക്കുക. | **<u>ആഭ്യന്തര വകുപ്പ്</u>** (3-8-2009-ലെ 22336/D1/06/ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്) ഡി.ജി.പി.യുടെ അന്വേഷണ റിപ്പോർട്ടിൽ പോലീസുകാർക്ക് ആവശ്യമുള്ള കേസുകളിൽ റിക്കാർഡുകൾ സൂക്ഷിക്കുകയും അല്ലാത്തവ അവഗണിക്കുകയും ചെയ്യുന്ന പ്രവണത ആപൽക്കരമാണെന്നും ഇത്തരം അനുഭവങ്ങൾ മേലിലുണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി അറിയിച്ചിരിക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നു. ഇക്കാര്യത്തിൽ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുമായി ബന്ധപ്പെട്ട സകല രേഖകളും കേസിന്റെ അന്തിമവിധി വരുന്നതുവരെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കാറുണ്ടെന്നും, കേരള നിയമസഭാ സമിതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ അവ ആവശ്യപ്പെടുന്ന സമയം വരെ സൂക്ഷിക്കുന്നതിന് ശ്രദ്ധയും |

| 1 | 2 | 3 |
|---|---|---|
| | | ജാഗ്രതയും പുലർത്തുമെന്ന് യൂണിറ്റ് മേലധികാരികൾ ഉറപ്പ് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (15-9-2010-ൽ സമിതി അംഗീകരിച്ചു) |
| 13 | കേസന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ലഘുവായ ശിക്ഷാനടപടി സ്വീകരിക്കുന്നതുമൂലം യഥാർത്ഥ സംഭവങ്ങൾ മറച്ചുകൊണ്ട് കേസ് ചാർജ്ജ് ചെയ്യുവാനും അതുവഴി പ്രതികൾക്ക് രക്ഷപ്പെടാനുമുള്ള പഴുതുകൾ ഉറപ്പാക്കാനും നിയമപാലകന്മാരിൽ ചിലർക്കെങ്കിലും പ്രേരണയാകും എന്ന കാര്യത്തിൽ ഉത്കണ്ഠയുണ്ട്. അതിനാൽ പ്രതികളെ രക്ഷപ്പെടുത്തുവാൻ സഹായിക്കുന്ന തരത്തിൽ അന്വേഷണത്തിൽ മനഃപൂർവ്വമോ അല്ലാതെയോ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് കടുത്ത ശിക്ഷ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 88) | <u>ആഭ്യന്തര വകുപ്പ്</u> (22-3-2006-ലെ 17987/ഡി2/03/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) കേസന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് വീഴ്ചയുടെ ഗൗരവ സ്വഭാവം കണക്കിലെടുത്താണ്. മനഃപൂർവം വരുത്തിയ വീഴ്ചയാണെന്നോ, വ്യക്തമായ അന്വേഷണം നടത്തുന്നതിന് ശ്രമം നടത്താത്തതാണെന്നോ ബോദ്ധ്യപ്പെട്ടാൽ കഠിന ശിക്ഷയുള്ള നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. ലഘു ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് മനഃപൂർവമുള്ള വീഴ്ച വരുത്തുന്നതിന് പ്രേരണയാകും എന്നതിനാൽ ഇതുപോലുള്ള വിഷയങ്ങളിൽ പരമാവധി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി പോലീസ് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. (24-8-2006-ൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 14 | പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ നേർക്കുണ്ടാകുന്ന മാനഭംഗശ്രമങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി അന്വേഷണം നടത്തണമെന്നും കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും അവർക്ക് കടുത്ത ശിക്ഷ ലഭിക്കാൻ പാകത്തിൽ വേണ്ടിവന്നാൽ നിയമഭേദഗതികൾ വരെ വരുത്തണമെന്നും സമിതി ആവശ്യപ്പെടുന്നു. (ഖണ്ഡിക 96) | **<u>ആഭ്യന്തര വകുപ്പ്</u>** (14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ നേർക്ക് ഉണ്ടാകുന്ന മാനഭംഗശ്രമങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി അന്വേഷണം നടത്തി വരുന്നുണ്ട്. സ്ത്രീധന കേസുകളിൽ സജീവമായ നിലപാട് സ്വീകരിച്ചുകൊണ്ട് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുൻപാകെ കൊണ്ടുവരുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു അനാസ്ഥയും ഉണ്ടായിട്ടില്ല. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 15 | സ്ത്രീധന കേസുകളിൽ സജീവമായ നിലപാട് സ്വീകരിക്കുന്നതിനും പ്രതിയെ ഉടനടി അറസ്റ്റ് ചെയ്യുന്നതിനുമുള്ള നിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കുലേറ്റ് ചെയ്യുന്നതോടൊപ്പം ഇത്തരം സംഭവങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഗവൺമെന്റിൽ മാസം തോറും റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 97) | **<u>ആഭ്യന്തര വകുപ്പ്</u>** (14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) സ്ത്രീധന കേസിൽ അന്വേഷണം നടത്തി പ്രതികളെ ഉടനടി അറസ്റ്റു ചെയ്ത് നിയമാനുസൃതമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 16 | പോലീസിന്റെ ഭാഗത്തു നിന്നുമുള്ള അശാസ്ത്രീയമായ പരിശോധനാ രീതി ഒഴിവാക്കണമെന്നും രാസപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തന്നെ നടപടി സ്വീകരിക്കേണ്ടതാണെന്നും പരാതികൾക്ക് ആസ്പദമായ സംഭവങ്ങൾ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്മാർ ഗൗരവപൂർവ്വം കൈകാര്യം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 107) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(22-3-2006-ലെ 17987/ഡി2/2003/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കുറ്റകരമായി കൈവശം വയ്ക്കുന്ന ലഹരി പദാർത്ഥങ്ങളുടെയും മറ്റും യാഥാർത്ഥ്യം പിടിക്കപ്പെടുന്ന സ്ഥലത്തു വച്ചുതന്നെ രാസപരിശോധന നടത്താൻ കഴിയാത്തതുകൊണ്ട് പലപ്പോഴും അങ്ങനെയുള്ള വസ്തുക്കളെ പ്രസ്തുത സാഹചര്യത്തിൽ കണ്ടും അറിഞ്ഞും രുചിച്ചും ഗന്ധം അറിഞ്ഞും ഒക്കെയാണ് സാധാരണയായി മനസ്സിലാക്കി വരുന്നത്. എങ്കിലും കുറ്റപത്രം സമർപ്പിക്കപ്പെടുമ്പോൾ ആധികാരികമായി രാസ പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്നതാണ്. ആയതിനുണ്ടാകുന്ന കാലതാമസം നടപടികളെയും ബാധിക്കുന്നതാണ്. ഈ കാര്യങ്ങൾ ഗൗരവപൂർവ്വം കൈകാര്യം ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതായി പോലീസ് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.<br>(24-8-2006-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 17 | വഞ്ചിക്കപ്പെട്ട ദാക്ഷായണി എന്ന യുവതിക്ക് നീതി ലഭ്യമാക്കുന്നതിൽ വിമുഖത കാണിച്ചതോടൊപ്പം പ്രതിയെ കേസിൽ നിന്ന് ഒഴിവാക്കാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് വെളിവായ സാഹചര്യത്തിൽ | **<u>ആഭ്യന്തര വകുപ്പ്</u>**<br>(22-8-2008-ലെ 18031/എച്ച്3/2003/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്ത് കുറ്റിക്കോൽ കാനം |

| 1 | 2 | 3 |
|---|---|---|
| | സഞ്ചിത ഫലമില്ലാതെ ഒരു ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള വളരെ ലഘുവായ ശിക്ഷാ നടപടി നീതീകരിക്കാനാവില്ല എന്നും കർശന നടപടി തന്നെ സ്വീകരിക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെടുന്നു.<br><br>(ഖണ്ഡിക 113) | സ്വദേശിനി 23 വയസ്സുകാരിയായ ദാക്ഷായണിയെ പൊയിനാച്ചി ഹോട്ടലുടമ അച്യുതന്റെ മകൻ സുരേഷ് ബാബു പ്രലോഭിപ്പിച്ച് ഗർഭിണിയാക്കുകയും യുവതിയുടെ സമ്മതം കൂടാതെ ഗർഭഛിദ്രത്തിന് വിധേയമാക്കുകയും ചെയ്തു. പോലീസിൽ പരാതിപ്പെട്ടപ്പോൾ സുരേഷ് ദാക്ഷായണിയെ വിവാഹം ചെയ്യാമെന്ന് പറയുകയും പിന്നീട് അതിൽ നിന്ന് പിന്മാറുകയും കേസ്സന്വേഷിച്ച സർക്കിൾ ഇൻസ്പെക്ടർ ടി.ടി.ജോർജ്ജ് കേസ്സിൽ നിയമവിരുദ്ധമായി ഇടപെട്ട് കേസ്സ് പിൻവലിക്കുകയാണെങ്കിൽ ദാക്ഷായണിക്ക് 50,000 രൂപ വാങ്ങിത്തരാമെന്ന് പറഞ്ഞിരുന്നതായും ഇതിന് വഴങ്ങാതിരുന്നതിനെ തുടർന്ന് സുരേഷ് ബാബുവിനെ കേസ്സിൽ നിന്നും ഒഴിവാക്കിയെന്നുമാണ് പോലീസ് ഉദ്യോഗസ്ഥരിൽ ആരോപിച്ചിരിക്കുന്ന കുറ്റം.<br><br>മേൽ കാര്യവുമായി ബന്ധപ്പെട്ട് ബേഡകം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 148/97, യു/എസ് 376, 313, 318 ആർ/ഡബ്ല്യൂ 34 ഐപിസി. എ 1. സുരേഷ് ബാബു, എ 2.ഡോക്ടർ പി.കെ. പാർവതി എന്നിവരെ പ്രതി ചേർത്ത് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും 27-1-2003 തീയതി ബഹു. ജില്ലാ സെഷൻസ് കോടതി പ്രതികളെ കുറ്റവിമുക്തരാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. ഈ കേസ്സിൽ ആദ്യാന്വേഷണം നടത്തിയ സർക്കിൾ |

| 1 | 2 | 3 |
|---|---|---|
| | | ഇൻസ്പെക്ടർ ടി.ടി. ജോർജ്ജിനെതിരെ കേസ്സ് ശരിയായ രീതിയിൽ അന്വേഷണം നടത്തിയില്ല എന്ന് കണ്ടതിൻ പ്രകാരം ഉത്തരമേഖല ഇൻസ്പെക്ടർ ജനറലിന്റെ ഓർഡർ നമ്പർ എ 2/31874/98 എൻ.സെഡ് തീയതി 27-7-2000 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് പ്രകാരം ഈ ഉദ്യോഗസ്ഥന്റെ വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞ് വയ്ക്കുകയും ചെയ്തിട്ടുള്ളത്.<br><br>ശ്രീമതി ദാക്ഷായണിയുടെ മൊഴി പ്രകാരം പരാതിക്കാരൻ കേസ്സ് രാജിയാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുകക്ഷികളുടെയും വക്കീൽ മുഖാന്തിരം നടത്തിയ മധ്യസ്ഥതയിൽ പരാതിക്കാരിക്ക് 30,000 രൂപ നൽകുകയും പിന്നീട് ദാക്ഷായണി കേസ്സിന് കോടതിയിൽ ഹാജരാകുവാൻ നോട്ടീസ് ലഭിച്ചപ്പോൾ കോടതിയിൽ ഹാജരായി കേസ്സ് ഒത്തുതീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്ന് കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 18 | രാസപരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ആശങ്കാജനകമാണെന്നും ഇത്തരത്തിലുള്ള കാലതാമസം അന്വേഷണം പ്രഹസനമാകാനും രാസപരിശോധനയ്ക്ക് അയയ്ക്കുന്ന വസ്തുക്കൾ കാലഹരണപ്പെട്ടു പോകാനും | <u>**ആഭ്യന്തര വകുപ്പ്**</u><br>(1-11-2013-ലെ 101596/ഇ 4/2013/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് |

| 1 | 2 | 3 |
|---|---|---|
| | അതുവഴി കുറ്റവാളികൾ രക്ഷപ്പെടുന്നതിനും മാത്രമേ ഉതകൂ എന്ന് സമിതി അഭിപ്രായപ്പെടുന്നു. രാസപരിശോധന കൂടുതൽ കാര്യക്ഷമമാക്കാനും നിശ്ചിത സമയപരിധിക്കുള്ളിൽ റിസൾട്ട് നൽകാനും സഹായകമാംവിധം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ ആധുനികവൽക്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 117) | എന്നിവിടങ്ങളിലുള്ള മൂന്ന് ലബോറട്ടറികളിലെ രാസപരിശോധന കാര്യക്ഷമമാക്കുന്നതിനും റിപ്പോർട്ടുകൾ വേഗത്തിൽ തയ്യാറാക്കുന്നതിനും വേണ്ടി താഴെ പറയുന്ന ആധുനികവൽക്കരണ പ്രവർത്തനങ്ങൾ സമിതിയുടെ ശിപാർശ പ്രകാരം നടപ്പിലാക്കി:<br><br>**<u>കമ്പ്യൂട്ടർവൽക്കരണം</u>**<br><br>പരിശോധന കഴിഞ്ഞാലുടനെ തന്നെ സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടി ആവശ്യമായ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിച്ചും, റിപ്പോർട്ട് ജനറേഷൻ സോഫ്റ്റ്‌വെയർ കെൽട്രോണിന്റെ സഹായത്താൽ വികസിപ്പിച്ചും രാസപരിശോധനാ റിപ്പോർട്ട് തയ്യാറാക്കി. ടൈപ്പ് ചെയ്ത് നൽകുന്നതിലുള്ള കാലതാമസം പൂർണ്ണമായും ഒഴിവാക്കിയതുമൂലം ഇപ്പോൾ പരിശോധന കഴിഞ്ഞാലുടൻ തന്നെ റിപ്പോർട്ട് നൽകിവരുന്നു. ഇതിനായി ഏകദേശം 12 ലക്ഷം രൂപ ചെലവഴിച്ചു.<br><br>**<u>രാസപരിശോധനയിലെ ആധുനികവൽക്കരണം</u>**<br><br>രാസപരിശോധനയുടെ വേഗത വർദ്ധിപ്പിച്ച് വളരെ കൃത്യതയാർന്ന പരിശോധനാ ഫലം നൽകുന്നതിനായി താഴെപ്പറയുന്ന ആധുനിക ശാസ്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു:<br><br>1. ഗ്യാസ് ക്രോമറ്റോഗ്രാഫ്-മാസ് സ്പെക്ട്രോ മീറ്റർ - 3 എണ്ണം<br>2. ഗ്യാസ് ക്രോമറ്റോഗ്രാഫ് - 3 എണ്ണം |

| 1 | 2 | 3 |
|---|---|---|
| | | 3. ഹൈപെർഫോമൻസ് തിൻ ലെയർ ക്രോമറ്റോഗ്രാഫ് - 2 എണ്ണം<br>4. അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോമീറ്റർ - 2 എണ്ണം<br>5. യു.വി. വിസിബിൾ - സ്പെക്ട്രോ ഫോട്ടോമീറ്റർ - 3 എണ്ണം<br>6. അയോൺ ക്രോമറ്റോഗ്രാഫ്- 1 എണ്ണം<br>7. ഡിജിറ്റൽ മൈക്രോസ്കോപ്പ്-5 എണ്ണം<br>8. മൈക്രോവേവ് ഡൈജസ്റ്റർ- 1 എണ്ണം<br>9. നൈട്രജൻ ഇവാപ്പറേറ്റർ - 3 എണ്ണം<br>ഈ ഉപകരണങ്ങൾ സ്ഥാപിച്ചതോടുകൂടി ഡിപ്പാർട്ട്മെന്റിലെ മൂന്നു ലബോറട്ടറികളും അന്താരാഷ്ട്ര നിലവാരമുള്ളതായി മാറിയിട്ടുണ്ട്. ഇതിനായി ഏകദേശം 4 കോടി 54 ലക്ഷം രൂപ ചെലവഴിച്ചു.<br>**മറ്റ് ആധുനീകവൽക്കരണ പ്രവർത്തനങ്ങൾ**<br>കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള മൂന്ന് ലാബുകളും വൃത്തിയും വെടിപ്പുമുള്ള ആധുനിക ലബോറട്ടറികളായി മാറ്റുന്നതിനുവേണ്ടി അവശ്യം വേണ്ട മരാമത്തുപണികൾ ചെയ്തു. ഇതിലേക്ക് 2 കോടി 8 ലക്ഷം രൂപ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിനിടയിൽ ചെലവാക്കിയിട്ടുണ്ട്. മൂന്ന് ലബോറട്ടറികളുടെ റീവയറിംഗിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം |

| 1 | 2 | 3 |
|---|---|---|
| | | അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ച് കോഴിക്കോട് റീജിയണൽ ലാബിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആധുനികവൽക്കരിച്ച പ്രധാന ലബോറട്ടറികളും ഡിവിഷനുകളും താഴെ ചേർക്കുന്നു:<br>1. ആധുനിക ഇൻസ്ട്രുമെന്റേഷൻ ലബോറട്ടറികൾ - 4<br>2. ആധുനികവൽക്കരിച്ച ലബോറട്ടറി ഡിവിഷനുകൾ - 7<br>ആധുനികവൽക്കരണത്തിന്റെ ഫലമായി പരിശോധന കാര്യക്ഷമമാക്കുന്നതിനും പരിശോധനാ ഫലത്തിന്റെ കൃത്യത വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. അതോടൊപ്പം പരിശോധനയ്ക്കായി അവശേഷിക്കുന്ന കേസുകളുടെ എണ്ണത്തിൽ കുറവുവരുത്താനും കഴിഞ്ഞിട്ടുണ്ട്.<br>(6-11-2013-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 19 | വസ്തുതകൾ മറച്ചുവച്ച് വിവാഹം കഴിക്കുകയും പിന്നീട് വീട്ടുകാരുമൊത്തുചേർന്ന് കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട്, പെൺകുട്ടികളെയും അവരുടെ കുടുംബത്തെയും പീഡിപ്പിക്കുകയും ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ തന്നെ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 121) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(31-1-2006-ലെ 38550/ഡി1/03/ ആഭ്യ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സമിതിയുടെ അഭിപ്രായപ്രകാരം തന്നെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(27-1-2006-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 20 | ശ്രീമതി പെരിയൻ രാധാലക്ഷ്മിയുടെ പരാതിയിലെ പ്രതിയെ രക്ഷപ്പെടുത്തുന്ന തരത്തിലുള്ള ഇത്തരം അന്വേഷണ പ്രഹസനങ്ങൾ പ്രോത്സാഹജനകമല്ല എന്നും പ്രതിക്ക് കടുത്ത ശിക്ഷ നൽകുന്നതിനുതകുംവിധം പോലീസിന്റെ ഭാഗത്തുനിന്ന് ഊർജ്ജിതമായ അന്വേഷണവും തെളിവുശേഖരണവും ഉണ്ടാകേണ്ടതാണ് എന്നും അഭിപ്രായപ്പെടുന്നതോടൊപ്പം ഇത്തരം കേസുകളിലെ പ്രതികൾക്ക് കടുത്ത ശിക്ഷ നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 126) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 67/98 ആയി രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയെ 29-5-1998-ൽ അറസ്റ്റ് ചെയ്ത് 27-6-1998-ൽ തെളിവുകൾ ക്രോഡീകരിച്ച് പ്രതികളുടെ പേരിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് സി.സി. 478/98 ആയി വിചാരണയിലുമാണ്. 29-11-2001-ൽ സെക്ഷൻ 248(സി) WPC പ്രകാരം കോടതി പ്രതിയെ വെറുതെവിടുകയുമുണ്ടായി. മേൽ കേസിൽ പോലീസ് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 21) | സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാണെന്ന നിയമം നിലവിലിരിക്കെ സ്ത്രീധനത്തിന്റെ പേരിൽ സാധുക്കളായ പെൺകുട്ടികളെ ക്രൂരമായി പീഡിപ്പിക്കുന്നവർക്കെതിരെയും കൊടുക്കുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 132) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികളെ ക്രൂരമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ പ്രതികളുടെ പേരിൽ തക്കതായ നടപടികൾ എടുക്കാറുണ്ട്. ആയതിന് എല്ലാ പോലീസുദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 22 | പ്രാകൃതവും പൈശാചികവുമായ വിധത്തിലുള്ള പീഡനങ്ങളാണ് സ്ത്രീധനത്തിന്റെ പേരിൽ പാവപ്പെട്ട സ്ത്രീകൾ അനുഭവിക്കുന്നത് എന്നും ഇത്തരം പീഡനങ്ങൾ ഒഴിവാക്കാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻമാർക്ക് പലപ്പോഴും കഴിയാതെ പോകുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ഇത്തരം മനുഷ്യാധമന്മാർക്കെതിരെ കനത്ത ശിക്ഷാനടപടികൾക്കെതിരെയുള്ള പഴുതുകളടയ്ക്കാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 136) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(3-8-2010-ലെ 47250/ജെ1/2010/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ശിപാർശ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജില്ലയിലെ എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ടെന്ന് കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>(14-12-2011-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 23 | ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും പീഡനവുമായി ബന്ധപ്പെട്ട് സ്വസ്ഥത നഷ്ടപ്പെടുന്ന വീട്ടമ്മമാരുടെ സ്വകാര്യ ജീവിതം നരക തുല്യമാകുന്ന പ്രക്രിയയ്ക്ക് അന്ത്യവിരാമം ഇടുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണം<br><br>(ഖണ്ഡിക 139) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(27-1-2011-ലെ 49111/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും പീഡനവുമായി ബന്ധപ്പെട്ട് വീട്ടമ്മമാരുടെ പരാതി ലഭിച്ചാൽ ഗാർഹിക പീഡന നിയമപ്രകാരവും ഇന്ത്യൻ ശിക്ഷാനിയമ പ്രകാരവുമുള്ള ശരിയായ വകുപ്പുകൾ ചേർത്ത് ശക്തമായ നിയമനടപടി സ്വീകരിക്കുവാനും ഇത്തരം പരാതികളിന്മേൽ വനിതാ സെല്ലിന്റെയും ജനമൈത്രീ പോലീസിന്റെയും സേവനം പരമാവധി |

| 1 | 2 | 3 |
|---|---|---|
| | | ഉപയോഗപ്പെടുത്തി സാധ്യമായ സത്വര നടപടി സ്വീകരിക്കുവാനും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(14-12-2011-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 24 | സ്ത്രീധനത്തിന്റെ പേരിൽ നിരാലംബരായ പെൺകുട്ടികളെ പീഡിപ്പിക്കുന്നവർക്കെതിരെയും അവർക്ക് കൂട്ടുനിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കെതിരെയും കർശന നടപടി സ്വീകരിക്കണം.<br>(ഖണ്ഡിക 148) | <u>**ആഭ്യന്തര വകുപ്പ്**</u><br>(26-10-2009-ലെ 49111/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീധനത്തിന്റെ പേരിൽ നിരാലംബരായ പെൺകുട്ടികളെ പീഡിപ്പിക്കുന്നവർക്കെതിരെ ശക്തമായ നിയമാനുസരണ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 25 | നിരാലംബരും നിസ്സഹായരുമായ സാധാരണക്കാർക്ക് നീതി ഉറപ്പാക്കാൻ ബാധ്യസ്ഥരായ പോലീസുകാർ പ്രതികൾക്ക് രക്ഷപ്പെടാനവസരമൊരുക്കുന്ന രീതിയിൽ കേസിന്റെ അന്വേഷണ റിപ്പോർട്ട് രൂപപ്പെടുത്തുന്ന എന്നതിൽ സമിതിക്ക് ഉൽക്കണ്ഠയുണ്ട്. പതിനഞ്ച് വയസ്സുള്ള ഒരു പെൺകുട്ടി താൻ ലൈംഗിക | <u>**ആഭ്യന്തര വകുപ്പ്**</u><br>(29-8-2006-ലെ 5970/എച്ച്1/06/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>1992 നവംബർ മാസം 2-ാം തീയതി അന്യായക്കാരിയായ ഷൈലാമേരി എന്ന പ്രായപൂർത്തിയാകാത്ത |

| 1 | 2 | 3 |
|---|---|---|
| | പീഡനത്തിനിരയായി എന്ന് പരാതിപ്പെടുമ്പോൾ അതിൽ അവിശ്വസിക്കത്തക്കതായി ഒന്നുമില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാല്ല ഈ പെൺകുട്ടി പീഡിപ്പിക്കപ്പെട്ടിട്ടില്ല എന്നതിന് തെളിവുകൾ ഇല്ലതാനും. രാസ പരിശോധനാ റിപ്പോർട്ടിന്റെ വിശദ വിവരങ്ങൾ സമിതിയെ അറിയിക്കുന്ന കാര്യത്തിലും ബന്ധപ്പെട്ടവർ കുറ്റകരമായ അനാസ്ഥ വച്ചുപുലർത്തി. ആ നിലയ്ക്ക് ഇത്തരത്തിൽ കൃത്യ നിർവ്വഹണത്തിൽ ഉദാസീനത കാണിക്കുന്ന പോലീസുകാർക്കെതിരെയും ഔദ്യോഗിക പദവി ദുരുപയോഗ പ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കടുത്ത ശിക്ഷാനടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 165) | പെൺകുട്ടിയെ 1-ാം പ്രതി സുബ്രഹ്മണ്യൻ എന്ന ജോസ് പന്തലായി, കുന്നിലുള്ള ലാസർ എന്നയാളുടെ പെട്ടിക്കടയുടെ അടുത്തു നിന്നും ഭീഷണിപ്പെടുത്തി തട്ടിക്കൊണ്ടു പോയി കണിയാമ്പറ്റ എന്ന സ്ഥലത്തെത്തി അവിടെ നിന്നും 2-ാം പ്രതി കുഞ്ഞിമായിൻ എന്നയാളും കൂടി അഞ്ചുകുന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുറിയിൽ കൊണ്ടുപോയി അഞ്ചുകുന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ 2-ാം പ്രതി കുഞ്ഞിമായിൻ എന്നയാൾ ബലാത്സംഗം ചെയ്ത സംഭവം സംബന്ധിച്ച് കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ 3-11-1992 തീയതി രജിസ്റ്റർ ചെയ്ത ക്രൈം 163/92 യു/എസ്സ് 366(എ) 376(2) (ബി) ആർ/ഡബ്ല്യു 34 ഐ.പി.എസ്. ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ പ്രതികൾക്കെതിരായി മതിയായ തെളിവുകൾ ഹാജരാക്കാൻ കഴിയാതെ പോയത് പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ് എന്നും പോലീസുകാരുടെ ഒത്താശയോടെ കേസ് തേഞ്ഞുമാഞ്ഞ് പോകാൻ ഇടയായി എന്നും, രാസപരിശോധന റിപ്പോർട്ടിന്റെ വിശദ വിവരങ്ങൾ സമിതിയെ അറിയിക്കുന്ന കാര്യത്തിലും ബന്ധപ്പെട്ടവർ കുറ്റകരമായ അനാസ്ഥ വച്ചുപുലർത്തി എന്നും, ആ നിലയ്ക്ക് ഇത്തരത്തിൽ കൃത്യ നിർവ്വഹണത്തിൽ |

| 1 | 2 | 3 |
| --- | --- | --- |
| | | ഉദാസീനത കാണിക്കുന്ന പോലീസു കാർക്കെതിരെയും ഔദ്യോഗികപദവി ദുരുപയോഗപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ക്കെതിരെയും കടുത്ത ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. കമ്പളക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 162/92 കേസ് രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥന്റെയും അന്വേഷണോദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച വന്നതു കൊണ്ടാണോ പ്രതികളെ വെറുതെ വിടാൻ ഇടയായത് എന്നത് സംബന്ധിച്ച് മേൽ കേസ്സിന്റെ കേസ് ഫയലും വിധിന്യായ പകർപ്പും പരിശോധിച്ചിട്ടുള്ളതാണ്. കേസ്സിന്റെ അന്വേഷണം നടത്തിയ കൽപ്പറ്റ സി.ഐ.ആയിരുന്ന ശ്രീ. ടി. റാമരാജ് കേസന്വേഷണം നടത്തി കുറ്റം തെളിയിക്കുന്നതിന് മതിയായ എല്ലാ തെളിവുകളും ശേഖരിക്കുകയും അന്വേഷണ വേളയിൽ പബ്ലിക് പ്രോസിക്യൂട്ടറിൽ നിന്ന് ആവശ്യമായ നിയമോപദേശങ്ങൾ തേടിയതായും സി.ഡി. ഫയൽ പരിശോധിച്ചതിൽ മനസ്സിലായിട്ടുള്ളതാണ്.<br><br>അന്യായക്കാരി യാതൊരുവിധ വെളിപ്പെടുത്തലുകളും നടത്തിയിട്ടി ല്ലെന്നും മൊഴി നൽകിയതായി വിധിന്യായത്തിലെ 32-ാം ഖണ്ഡിക യിൽ പരാമർശിക്കുന്നുണ്ട്. 2-1-1992 തീയതി രാത്രി പോലീസ് സ്റ്റേഷനിൽ |

| 1 | 2 | 3 |
|---|---|---|
| | | വച്ച് ആവർത്തിച്ചു ചോദിച്ചിട്ടും അന്യായക്കാരി ഒന്നുംതന്നെ പറഞ്ഞിട്ടില്ലെന്നും തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച കാര്യത്തിന് ആരുടെയും പേരിൽ അന്യായക്കാരി പരാതിപ്പെട്ടിട്ടില്ലെന്നും പി.ഡബ്ല്യു. 13 ആയി വിസ്തരിച്ച എസ്.ഐ. മൊഴി നൽകിയതായി വിധിന്യായത്തിലെ 44-ാം ഖണ്ഡികയിൽ പരാമർശിക്കുന്നുണ്ട്. വിധിന്യായത്തിലെ 42-ാം ഖണ്ഡികയിൽ ലൈംഗികവേഴ്ച നടന്ന കാര്യം ആദ്യമായി പറഞ്ഞത് കോടതിയിലാണെന്ന് അന്യായക്കാരി മൊഴി നൽകിയിട്ടുള്ളതായും പരാമർശിക്കുന്നുണ്ട്.<br><br>വിധിന്യായത്തിലെ 29-ാം ഖണ്ഡികയിൽ 25-10-1992 മുതൽ 2-11-1992 വരെയുള്ള ദിവസങ്ങളിൽ 1-ാം പ്രതി ഭീഷണിപ്പെടുത്തിയ കാര്യം അന്യായക്കാരിക്ക് ടിയാളുടെ അച്ഛനോടും മറ്റും പറയാനുള്ള അവസരം ഉണ്ടായിരുന്നു എന്നും, ആയതിന് തടസ്സം ഒന്നും ഇല്ലായിരുന്നു എന്നും 2-11-1992-ന് ശേഷം ഇന്നുവരെ 1-ാം പ്രതി അന്യായക്കാരിയെ പീഡിപ്പിക്കുകയോ, ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും അന്യായക്കാരി മൊഴി നൽകിയിട്ടുള്ളതായും ടി മൊഴിയിൽ നിന്ന് അന്യായക്കാരിക്ക് സംഭവത്തെ പറ്റി ടിയാളുടെ അച്ഛനോടോ മറ്റാരോടെങ്കിലുമോ പറയുവാനുള്ള |

| 1 | 2 | 3 |
| --- | --- | --- |
| | | എല്ലാ അവസരങ്ങളും ഉണ്ടായിരുന്നു എന്നും കോടതി വിശ്വസിക്കുന്നതായി പരാമർശിക്കുന്നുണ്ട്. ആയതിൽ നിന്നും 2-11-1992 തീയതി അന്യായക്കാരി പോലീസ് സ്റ്റേഷനിൽ ചെന്നിരുന്നെങ്കിലും സംഭവത്തെപ്പറ്റി മറ്റാരോടും പറയാതിരുന്നതുപോലെ പോലീസിനോടും ഒന്നും പറഞ്ഞിരുന്നില്ല എന്ന് വ്യക്തമാകുന്നുണ്ട്. 3-11-1992 തീയതി മാനന്തവാടി ജില്ലാ ആശുപത്രിയിൽ വച്ച് അന്യായക്കാരി പറഞ്ഞിട്ടുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് എന്ന് കാണുകയാൽ കേസ് രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥന്റെ വീഴ്ചകൊണ്ടല്ല കേസ് വിട്ടുപോകാൻ ഇടയായത് എന്ന് വ്യക്തമാകുന്നുണ്ട്.<br><br>അന്വേഷണവേളയിൽ ശേഖരിച്ച തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായ അന്വേഷണം നടത്തി ചാർജ്ജ് ഷീറ്റ് സമർപ്പിക്കുകയാണ് അന്വേഷണോദ്യോഗസ്ഥൻ ചെയ്തിട്ടുള്ളതെന്ന് മനസ്സിലാകുന്നുണ്ട്. അന്യായക്കാരിയെ ക്രോസ് വിസ്താരം ചെയ്തതിൽ നിന്നും അന്യായക്കാരിയെ പരിശോധിച്ച ഡോക്ടർമാരും പി.ഡബ്ല്യു-2 പി.ഡബ്ല്യു-3 ആയി വിസ്തരിക്കപ്പെട്ടവരുമായ സാക്ഷികളുടെ മൊഴികളിൽ നിന്നും അന്യായക്കാരി ലൈംഗികമായി പീഡനത്തിനിരയായിട്ടില്ലെന്ന് വ്യക്ത |

| 1 | 2 | 3 |
|---|---|---|
| | | മാകുന്നതായി വിധിന്യായത്തിലെ 46, 47, 48 ഖണ്ഡികകളിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ വിധിന്യായത്തിലെ 62-ാം ഖണ്ഡികയിൽ അന്വേഷണോദ്യോഗസ്ഥൻ ശരിയായ വിധത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അന്വേഷണവേളയിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ചാർജ്ജ്ഷീറ്റ് സമർപ്പിക്കുകയാണുണ്ടായതെന്നും പരാമർശിക്കുന്നുണ്ട്. കേസന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന അനാസ്ഥ കൊണ്ടോ വീഴ്ചകൊണ്ടോ ആണ് പ്രതികൾക്കെതിരെയുള്ള കുറ്റം തെളിയിക്കപ്പെടാൻ കഴിയാതെവരുന്നതെങ്കിൽ അത്തരം കേസ്സുകളുടെ വിധിന്യായത്തിൽ കോടതി അഡ്‌വേഴ്സ് റിമാർക്സ് രേഖപ്പെടുത്തുകയും അതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കാറുമുണ്ട്. എന്നാൽ മേൽ കേസ്സിന്റെ വിധിന്യായത്തിൽ അത്തരം ഒരു പരാമർശം ഉണ്ടായിട്ടില്ലാത്തതാണ്.<br><br>മേൽ സാഹചര്യത്തിൽ ഈ കേസ് രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥന്റെയോ അന്വേഷണോദ്യോഗസ്ഥന്റെയോ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച കൊണ്ടല്ല ഈ കേസിലെ പ്രതികളെ വെറുതെ വിടാൻ ഇടയായിട്ടുള്ളത് എന്ന് വ്യക്തമാകുന്നുണ്ട്. കേസിന്റെ തെളിവിലേക്ക് അത്യന്താപേക്ഷിതമായി ബന്തവസ്സിലെടുക്കുന്ന വസ്തുക്കളുടെ |

| 1 | 2 | 3 |
|---|---|---|
| | | രാസപരിശോധന റിപ്പോർട്ട് കെമിക്കൽ അനാലിസിസ് ലബോറട്ടറിയിൽ നിന്നും ലഭിക്കുവാൻ കാലതാമസം നേരിടാറുണ്ട്. അതുകൊണ്ടാണ് പരാതി അന്വേഷണ റിപ്പോർട്ടിനോടൊപ്പം രാസപരിശോധനാ റിപ്പോർട്ടോ, ആയതിന്റെ വിവരങ്ങളോ ഉൾപ്പെടുത്താൻ കഴിയാത്തത്. ആയത് പോലീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കൊണ്ടല്ല എന്ന കാര്യം ബോധിപ്പിച്ചു കൊള്ളുന്നു എന്ന് സമിതിയെ അറിയിക്കുന്നു. (8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 26 | സാംസ്കാരിക കേരളത്തെ ലജ്ജിപ്പിക്കുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് പിതൃതുല്യരാകേണ്ട അദ്ധ്യാപകൻ വിദ്യാർത്ഥിനികളെ പീഡിപ്പിക്കുന്ന അനുഭവങ്ങൾ കേരളത്തിലെ മാതാപിതാക്കളുടെ നാഡിമിടിപ്പ് വർദ്ധിപ്പിക്കുന്നുവെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർ രക്ഷപ്പെടാൻ തലനാരിഴയുടെ പഴുതുകൾ പോലും ഉണ്ടാകരുത് എന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 171) | **ആഭ്യന്തര വകുപ്പ്** (22-3-2006-ലെ 17987/ഡി2/03/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) കേരളത്തിൽ സാമൂഹ്യമാറ്റങ്ങൾക്ക് മുന്നിൽ നിന്നിട്ടുള്ള അദ്ധ്യാപക സമൂഹത്തിൽ നിന്നുണ്ടായ ഈ ഒറ്റപ്പെട്ട സംഭവം പോലും സമൂഹത്തിനുണ്ടാകുന്ന മൂല്യച്യുതി എല്ലാ തലങ്ങളിലും പ്രതിഫലിക്കപ്പെടുന്നു എന്നുള്ളതിന് വ്യക്തമായ തെളിവാണ്. ഇത്തരം കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതുകൊണ്ടുമാത്രം ഈ സാമൂഹ്യ വിപത്ത് ഒഴിവാക്കാൻ കഴിയും എന്ന് കരുതുന്നില്ല. സ്വന്തം |

| 1 | 2 | 3 |
| --- | --- | --- |
| | | കുട്ടികളുടെ ഓരോ സ്പന്ദനവും മനസ്സിലാക്കാൻ കഴിയുന്ന ഒരു രക്ഷാകർതൃസമൂഹത്തിന് ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയും എന്നാണ് പ്രതീക്ഷ. (24-8-2006-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 27 | ബലാൽസംഗ കേസുകളിൽ ഐ.പി.സി. 376 വകുപ്പ് ചേർത്ത് കുറ്റപത്രം തയ്യാറാക്കുന്നതോടൊപ്പം ഉപോദ്ബലകമായ തെളിവുകൾ ശേഖരിക്കുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് അനുകൂലമായ സമീപനം ഉണ്ടാകണം. (ഖണ്ഡിക 177) | <u>**ആഭ്യന്തര വകുപ്പ്**</u> (26-10-2009-ലെ 49111/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) ബലാൽസംഗ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന അവസരങ്ങളിൽ, ഐ.പി.സി. 376 വകുപ്പ് പ്രകാരം കുറ്റപത്രം തയ്യാർ ചെയ്യുമ്പോൾ ഉപോദ്ബലകമായ തെളിവുകൾ ശേഖരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തിവരുന്നു, ടി സംഗതിയിന്മേൽ സർക്കാർ നിർദ്ദേശിച്ച രീതിയിലുള്ള നടപടികൾ സ്വീകരിക്കുന്നതിന് സബ് ഡിവിഷനിലുള്ള എല്ലാ സർക്കിൾ ഇൻസ്പെക്ടർമാർക്കും സബ് ഇൻസ്പെക്ടർമാർക്കും കർശന നിർദ്ദേശം നൽകി ടി കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 28 | കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് ലൈംഗിക പീഡനം ഉണ്ടാകാതിരിക്കുവാൻ യുക്തമായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനാവശ്യമായ ബോധവൽക്കരണം അനിവാര്യമാണ്.<br>(ഖണ്ഡിക 178) | <u>**ആഭ്യന്തര വകുപ്പ്**</u><br>(26-10-2009-ലെ 49111/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് ഇത്തരം അനുഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് പോലീസ്-പൊതുജന സമ്പർക്ക പരിപാടികളിലും പരാതി അദാലത്തുകളിലും മറ്റും പ്രത്യേകം ബോധവൽക്കരണം നടത്തി വരുന്നതും, ടി സംഗതികളിന്മേൽ ബഹു. സർക്കാർ നിർദ്ദേശിച്ച തരത്തിലുള്ള നടപടികൾ പാലിച്ചു വരുന്നതുമാണ്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 29 | ആസിഡ് വീണ് അപകടം സംഭവിച്ച പെൺകുട്ടിയുടെ താറുമാറായിപ്പോയ ജീവിതത്തിൽ തകരാറുകൾ അടിച്ചേൽപ്പിച്ച കുറ്റവാളികളെ കണ്ടെത്താൻ സാധിക്കാതെ പോയ പോലീസ് ഉദ്യോഗസ്ഥൻമാർ സ്വന്തം ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയതായി സമിതി കരുതുന്നു.<br>(ഖണ്ഡിക 195) | <u>**ആഭ്യന്തര വകുപ്പ്**</u><br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പോലീസുദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 30 | സ്ത്രീകളെ തട്ടിക്കൊണ്ടുപോവുക, മാനഭംഗപ്പെടുത്തുക, ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിൽ നിന്ന് തള്ളിയിടുക, മുഖം വികൃതമാക്കുക തുടങ്ങിയ നിന്ദ്യവും പൈശാചികവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഗുണ്ടാ സംഘങ്ങൾ മലപ്പുറം ജില്ലയിൽ സ്വൈരവിഹാരം നടത്തുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും നിയമത്തിനു മുൻപിൽ കൊണ്ടു വരുന്നതിനും പോലീസിന്റെ ഭാഗത്തു നിന്നും ശക്തമായ നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 196) | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 31 | അനവധി സ്ത്രീകളെ വിവാഹം ചെയ്ത് വഴിയാധാരമാക്കിയ ശേഷം സംസ്ഥാനത്തിന് വെളിയിലേക്ക് കടന്നുകളയുന്ന നരാധമൻമാരെ അവർ എവിടെയായാലും ഉടൻതന്നെ പിടികൂടി കർശനമായി ശിക്ഷിക്കേണ്ടതാണ്. പ്രതിയെ ഒരു ദിവസം പോലും വൈകാതെ കസ്റ്റഡിയിലെടുത്ത് മാതൃകാപരമായി ശിക്ഷിക്കണമെന്നും ഇത്തരം കേസ്സുകൾ ഉടൻ തീർപ്പാക്കാൻ സംവിധാനം ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 203) | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വിവാഹത്തട്ടിപ്പ് വീരൻമാരെയും അനവധി കല്യാണം കഴിച്ച് സംസ്ഥാനത്തിന് വെളിയിലേക്ക് കടന്നുകളയുന്നവരെക്കുറിച്ചും പരാതി ലഭിച്ചാൽ ഉടനെ തന്നെ പ്രതികളെ കണ്ടെത്തി കർശനമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
| --- | --- | --- |
| 32 | ഭാര്യയെ അനാശാസ്യ പ്രവർത്തനങ്ങൾക്ക നിർബന്ധിക്കുക വഴി സ്ത്രീത്വത്തെ അപമാനിക്കുവാൻ ശ്രമിക്കുന്ന ഭർത്താക്കന്മാരെ നിയമത്തിനുമുന്നിൽ കൊണ്ടു വരുന്നതിന് സന്നദ്ധ സംഘടനകൾ വഴി ബോധവൽക്കരണം നടത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>(ഖണ്ഡിക 208) | **സാമൂഹ്യനീതി വകുപ്പ്**<br>(6-11-2013-ലെ 4581/ബി2/2011/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകൾക്ക് അപമാനകരമായുള്ള ഇത്തരം അതിക്രമങ്ങൾ ഗാർഹിക പീഡനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തിക ആശ്വാസ നടപടികളും ഉറപ്പ് വരുത്തിയിട്ടുണ്ട്. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുവാനായി എല്ലാ ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ മുൻകൈ എടുത്ത് സംരക്ഷണം, കൗൺസിലിംഗ്, ചികിത്സ, മാർഗ്ഗനിർദ്ദേശം എന്നിവ അടിയന്തരമായി നൽകിവരുന്നുണ്ട്. ഇതിനായി 101 സന്നദ്ധ സംഘടനകളെ സേവന ദാതാക്കളായും നിയോഗിച്ചിട്ടുണ്ട്. പരാതികൾ ഉണ്ടാകുന്ന അവസരത്തിൽ പീഡനത്തിന് ഇരയായവരെ സഹായിക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ 10 ഹെൽപ്പ് ലൈൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നുണ്ട്.<br>സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുവാനായി |

| 1 | 2 | 3 |
|---|---|---|
| | | സംസ്ഥാന സർക്കാർ നിർഭയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. നിർഭയയുടെ ആഭിമുഖ്യത്തിൽ ശാക്തീകരണ പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും ഹെൽപ്പ് ഡെസ്കും നടത്തുന്നുണ്ട്. സ്ത്രീകൾക്ക് സംരക്ഷണം, കുറ്റവാളികൾക്കെതിരെ നിയമനടത്തിപ്പ്, പീഡനത്തിനിരയായവരുടെ പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ നിർഭയയുടെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. സാമൂഹ്യ നിരീക്ഷണ സംവിധാനം എന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനവും നടന്നുവരുന്നു. കേരള വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾ വഴി ബോധവൽക്കരണം നടത്തുവാൻ കമ്മീഷനിൽ നിന്നും നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>(6-11-2013-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 33 | അച്ഛനമ്മമാരുടെയോ ഉറ്റവരുടെയോ, സ്നേഹവും ലാളനയും ലഭിക്കുന്ന കുഞ്ഞുങ്ങൾക്ക് അതിന് സമമായ സ്നേഹം നൽകേണ്ടുന്ന അദ്ധ്യാപകനിൽ നിന്ന് ലൈംഗിക പീഡനം നേരിടേണ്ടി വരുന്നു എന്നോർക്കുന്നതു തന്നെ അപമാനകരമാണ്. ഇത്തരക്കാർക്ക് എതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഇത്തരം ദുഷ്കൃത്യങ്ങൾ കണ്ടുപിടിച്ച് | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സീന എന്ന വിദ്യാർത്ഥിനിയെ അബ്ദുൾ ജബ്ബാർ എന്ന അദ്ധ്യാപകൻ പീഡിപ്പിച്ചു എന്ന പരാതിയിൽ ശ്രീ. ടി. എൻ. അബ്ദുൾ ജബ്ബാറിനെതിരെ ക്രൈം നമ്പർ 2/96 ആയി കേസ്സ് രജിസ്റ്റർ |

| 1 | 2 | 3 |
|---|---|---|
| | താമസംവിനാ നടപടി സ്വീകരിക്കുന്നതിനും ഇത്തരം പരാതി സമർപ്പിക്കുന്നവർക്ക് ആവശ്യമായ നിയമോപദേശം നൽകുന്നതിനും സംവിധാനം ഉണ്ടാകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>(ഖണ്ഡിക 215) | ചെയ്തിട്ടുള്ളതും കേസ് കോടതിയിൽ വിചാരണ കഴിഞ്ഞിട്ടുള്ളതുമാണ്. മേൽ കേസിൽ കോടതി പ്രതിയെ 248(1) സി.ആർ.പി.സി. ആയി വെറുതെ വിടുകയും ചെയ്തു. മേൽ പരാതിക്ക് ശേഷം ഇത്തരത്തിലുള്ള പരാതികൾ ഒന്നും ഈ ജില്ലയിൽ ലഭിച്ചിട്ടില്ല. അങ്ങനെയുള്ള പരാതികൾ ലഭിക്കുന്ന പക്ഷം ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 34 | മാനസിക രോഗികളെയും കുടുംബത്തെയും പീഡിപ്പിച്ച് അവരുടെ സ്വത്ത് തട്ടിയെടുക്കുന്ന കേസുകൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കബളിപ്പിക്കപ്പെടുന്നവർക്ക് കോടതി മുഖേന പരിഹാരം ലഭിക്കുന്നതിന് വളരെ വർഷങ്ങൾ വേണ്ടിവരും. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ഊർജ്ജിതമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 224) | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഈ കാര്യത്തിൽ കുറ്റിപ്പുറം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 118/98, 119/98 കേസുകൾ അന്വേഷണം നടത്തി കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും ക്രൈം 118/98 കേസ് സി.സി.423/98 ആയി ഫയലിൽ സ്വീകരിച്ച് 23-2-2000-ാം തീയതി യു/എസ് 320(8) സി.ആർ.പി.സി. പ്രകാരം ഒത്തു തീർപ്പായിട്ടുള്ളതാണ്. കൂടാതെ ഇത്തരം കേസുകളിൽ ഉടൻ നടപടി സ്വീകരിക്കുന്നതിനും ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 35 | ദുരൂഹസാഹചര്യങ്ങളിൽ മരണങ്ങളിൽ നിജസ്ഥിതി പുറത്തുകൊണ്ടു വരുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൂടുതൽ ജാഗരൂകരാവണമെന്ന് അതിൽ ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 228) | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഇത് സംബന്ധിച്ച് 25-1-1998-ന് നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 18/98 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നാദാപുരം സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും തുടർന്ന് വടകര സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ. എസ്.പി. അന്വേഷണം ഏറ്റെടുത്ത് നടത്തിവരവെ 23-12-1998-ന് കേസ്സ് കോഴിക്കോട് സി.ബി.സി.ഐ.ഡി.യ്ക്ക് കൈമാറുകയും അന്വേഷണം പൂർത്തീകരിച്ച് ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിക്കുകയും കോടതിയിൽ വിചാരണ കഴിഞ്ഞ് കേസ് വെറുതേ വിടുകയും ചെയ്തിട്ടുണ്ട്. അസ്വാഭാവിക മരണകേസുകളിൽ അന്വേഷണം നടത്തുമ്പോൾ ശരിയായ ശ്രദ്ധ കൊടുക്കണമെന്നും ചെറിയ തെളിവുകൾ ആണെങ്കിൽ പോലും ആയത് വ്യക്തമായി രേഖപ്പെടുത്തണമെന്നും അന്വേഷണം വളരെ പെട്ടെന്നുതന്നെ പൂർത്തീകരിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
| --- | --- | --- |
| 36 | ഒരേ സംഭവത്തെ സംബന്ധിച്ച് രണ്ടഭിപ്രായം രേഖപ്പെടുത്തിയതിൽ എന്തോ ദുരൂഹത ഉള്ളതായി സമിതി മനസ്സിലാക്കുന്നു. കുറ്റക്കാരെ കണ്ടുപിടിച്ച് യഥാവിധി ശിക്ഷ നൽകേണ്ടത് സമൂഹത്തിൽ വളർന്നുവരുന്ന ഇത്തരം പ്രവണതകൾ ദൂരീകരിക്കാൻ സഹായകമാകുമെന്ന് സമിതി കരുതുന്നു. ഇത്തരം സന്ദർഭങ്ങളിൽ കുറ്റവാളികൾ രക്ഷപ്പെടാൻ പഴുതുകൊടുക്കാതെ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കാര്യങ്ങൾ തീർപ്പാക്കാൻ വരുന്ന കാലതാമസം അതിന്റെ ഗൗരവം ചോർത്തിക്കളയാൻ സഹായകമാകുമെന്നും സമിതി കരുതുന്നു.<br><br>(ഖണ്ഡിക 234) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സമിതിയുടെ അഭിപ്രായം കണക്കിലെടുത്ത ഇത്തരം കേസുകൾ റിപ്പോർട്ടായാൽ പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് വാങ്ങിച്ച് ഡോക്ടറെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുകയും ആവശ്യമാണെങ്കിൽ സെക്ഷൻ ആൾട്ടർ ചെയ്ത് ആവശ്യമായ വകുപ്പുകൾ കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി പ്രതികളുടെ പേരിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചു വരുന്നുണ്ട്.<br><br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 37 | മരണം ആത്മഹത്യയാണെങ്കിൽ, പ്രസ്തുത ആത്മഹത്യയിലേക്ക് മരണപ്പെട്ട വ്യക്തിയെ നയിച്ച സാഹചര്യത്തെക്കുറിച്ച് വിശദമായി അന്വേഷിക്കണം എന്ന് നിയമസഭാ സമിതി ആവശ്യപ്പെട്ടിട്ടുപോലും ഔപചാരികമായ ഒരു മറുപടി നൽകുക മാത്രമേ ബന്ധപ്പെട്ടവർ ചെയ്യുള്ളൂ. കുറ്റവാളികൾ രക്ഷപ്പെടാനുള്ള പഴുതുകൾ വർദ്ധിച്ചു വരുന്നതായി സമിതി ഖേദപൂർവ്വം മനസ്സിലാക്കുന്നു. ഈ വക പ്രശ്നങ്ങളിൽ സർക്കാരിന്റെ കണ്ണ് സദാ തുറന്നിരിക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 239) | **<u>ആഭ്യന്തര വകുപ്പ്</u>**<br><br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ഇത്തരം കേസുകളിൽ അതീവ ശ്രദ്ധ ചെലുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 38 | പുരുഷന് യഥേഷ്ടം ഉപയോഗിക്കാൻ പറ്റുന്ന ഉപകരണം ആയി സ്ത്രീ അധഃപതിക്കുന്നതിന്റെ ഉദാഹരണങ്ങൾ കേരളത്തിൽ ഏറിവരുന്നതിൽ സമിതി ഉൽകണ്ഠ രേഖപ്പെടുത്തുന്നു. ഇത്തരം ദുഷ്പ്രവണതകൾ കുറയ്ക്കാൻ പാകത്തിൽ സമൂഹത്തെ ബോധവൽക്കരിക്കാൻ ആവശ്യമായ ഏർപ്പാടുകൾ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 243) | <u>**ആഭ്യന്തര വകുപ്പ്**</u><br>(18-6-2009-ലെ 18040/ജെ2/2003/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളുടെ ഉന്നമനത്തിനായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതായും സ്ത്രീകൾക്കെതിരെയുള്ള പീഡനകേസ്സുകളിൽ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നതായും എസ്.പി. റിപ്പോർട്ട് ചെയ്തിരിക്കുന്നു. പരാതിക്കാരിയായ ഹാജിറയുടെ ഭർത്താവിൽ നിന്നും ചെലവിന് കിട്ടുന്നതിനുള്ള കേസ് നിലവിലിരിക്കുന്നത് അവസാനിപ്പിച്ചുവെന്നും ഇക്കാര്യത്തിൽ ഇപ്പോൾ പരാതിയൊന്നുമില്ലെന്ന് ഹർജിക്കാരി മൊഴി നൽകിയിട്ടുള്ളതായും എസ്.പി. റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>(4-8-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 39 | ആദ്യഭാര്യയുമായുള്ള ബന്ധം നിലനിൽക്കെത്തന്നെ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്ന പുരുഷൻ ഒരേസമയം രണ്ട് സ്ത്രീകളെയാണ് കബളിപ്പിക്കുന്നത് എന്ന സത്യം ഗവൺമെന്റ് ശ്രദ്ധിക്കണം എന്ന് സമിതി അറിയിക്കുന്നു. ഈ വക ഏർപ്പാടുകൾ അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 249) | <u>**സാമൂഹ്യക്ഷേമ വകുപ്പ്**</u><br>(18-6-2008-ലെ 2064/ബി2/2008/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ശിപാർശകളിൽ 243, 249 എന്നീ ഖണ്ഡികകളിൽ പരാമർശിക്കുന്ന ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിന് സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗ വിവേചനം അവസാനിപ്പിക്കാനുദ്ദേശിച്ചുകൊണ്ടും ഇത്തരം നികൃഷ്ട പ്രവൃത്തികളിൽ ഏർപ്പെടുന്നവരെ |

| 1 | 2 | 3 |
|---|---|---|
| | | കാലതാമസമില്ലാതെ മാതൃകാപരമായി ശിക്ഷിക്കുവാനുദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുള്ള "2005-ലെ ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം" സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കി വരികയാണ്. ടി നിയമം നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊട്ടക്ഷൻ ഓഫീസർമാർ, പോലീസ് ഓഫീസർമാർ സന്നദ്ധ സംഘടനകൾ എന്നിവർക്ക് ബോധവൽക്കരണ പരിശീലന പരിപാടികൾ, ജെൻഡർ അഡ്വൈസറെ നിയമിക്കൽ, മാദ്ധ്യമങ്ങളിലൂടെ ലിംഗ വിവേചനത്തിനെതിരെ വ്യാപകമായ പ്രചാരണവും ബോധവത്കരണവും നടത്തൽ, ടി നിയമത്തിന്റെ മാതൃഭാഷയിലെ പുസ്തകം പ്രസിദ്ധീകരിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ഇതിനകം സാമൂഹ്യക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ടി നിയമത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന് മുഴുവൻ ലഭ്യമാവാൻ സാമൂഹ്യക്ഷേമ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.<br><br>(22-10-2008-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>**<u>ആഭ്യന്തര വകുപ്പ്</u>**<br><br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>പരാതിക്കാരിയുടെ ഭർത്താവും എതിർ കക്ഷിയുമായ എ.വി. കൃഷ്ണൻ ഉദ്ദേശം 7 |

| 1 | 2 | 3 |
|---|---|---|
| | | വർഷം മുമ്പ് മരണപ്പെട്ടതായും പിന്നീട് ഏകദേശം 3 വർഷം മുമ്പ് പരാതിക്കാരിയെ കണ്ണൂർ ജില്ലയിലെ ചെറുപുഴ എന്ന സ്ഥലത്തുള്ള സുരേഷ് ബാബു എന്നയാൾ വിവാഹം ചെയ്തതായും ആയതിൽ ഒന്നേമുക്കാൽ വയസ്സുള്ള ഒരു മകൻ ഉള്ളതായും വ്യക്തമായിട്ടുണ്ട്. ആദ്യ ഭർത്താവി നെതിരെ കോടതിയിൽ കൊടുത്ത കേസ്സ് തീർപ്പായിട്ടുണ്ടെന്നും ഇപ്പോൾ ഭർത്താവും കുട്ടിയുമൊന്നിച്ച് സുഖമായി കഴിയുകയാണെന്നും പരാതിക്കാരി മൊഴി നൽകിയിട്ടുണ്ട്.<br><br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 40 | സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു കേസിൽ മരണം നടന്ന് 3 കൊല്ലം കഴിഞ്ഞാണ് സമിതിക്ക് ഒരു റിപ്പോർട്ട് ലഭിക്കുന്നത്. റിപ്പോർട്ട് പരിഗണിച്ച സമിതി അത് വിശ്വസനീയമല്ലാത്തതിനാൽ ഒരു ഉന്നത ഏജൻസിയെകൊണ്ട് പുനരന്വേഷണം നടത്തണം എന്നാണ് ആവശ്യപ്പെട്ടിരുന്നത്. പക്ഷേ രണ്ട് കൊല്ലങ്ങൾക്കുശേഷം ഒരിക്കൽ കൂടി പഴയ റിപ്പോർട്ടിന്റെ പുതിയ പകർപ്പ് അയയ്ക്കുക മാത്രമേ ബന്ധപ്പെട്ടവർ ചെയ്തിട്ടുള്ളൂ എന്ന കാര്യത്തിൽ സമിതിക്ക് പ്രതിഷേധമുണ്ട്. സമൂഹ മനഃസാക്ഷിയെ തൊട്ടുണർത്തുന്ന കേസ്സുകളിൽ കർക്കശവും നിഷ്പക്ഷവും ആയ നിലപാടുകൾ എടുക്കാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 255) | <u>**ആഭ്യന്തര വകുപ്പ്**</u><br><br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സമിതിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവിയിൽ ഇത്തരം കേസുകളിൽ വേണ്ടുന്ന രീതിയിൽ അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 41 | മകളോടൊപ്പം മരിക്കേണ്ടിവന്ന ഒരമ്മയ്ക്ക് ആ അത്യാഹിതത്തിൽ നിന്ന് രക്ഷപ്പെടാൻ പറ്റാതെപോയ സാഹചര്യം സൃഷ്ടിച്ച വ്യവസ്ഥിതികൾ ഉടച്ചുമാറ്റാൻ സർക്കാർ ബോധപൂർവ്വം ആസൂത്രിതവും ആയ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 258) | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പരാതിയുമായി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിന് പോലീസ് സ്റ്റേഷനുകളിലെ വനിതാ പോലീസുകാരെ ബോധവൽക്കരണം നടത്തിയിട്ടുള്ളതും പരാതികളിന്മേൽ ശരിയായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എസ്.എച്ച്.ഒ.-മാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേലിൽ സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനായി ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 42 | ദുരൂഹ സാഹചര്യത്തിൽ സംഭവിച്ച ഒരു മരണം സംബന്ധിച്ച് ആവശ്യപ്പെട്ട ഒരു റിപ്പോർട്ട് ലഭിക്കാൻപോലും നിയമസഭാ സമിതിയ്ക്ക് മൂന്നു കൊല്ലങ്ങൾക്കപ്പുറം കാത്തിരിക്കേണ്ടിവരുന്നു എന്നത് | **ആഭ്യന്തര വകുപ്പ്**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>മേലിൽ സമിതി ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക് മറുപടി നൽകാൻ |

| 1 | 2 | 3 |
|---|---|---|
| | ശരിയായ ഒരു നടപടിയല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. അനാവശ്യ കാലതാമസങ്ങൾ ഒഴിവാക്കി കേസന്വേഷണം സുഗമമായി മുന്നോട്ട് പോകാൻ ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകണം എന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 261) | കാലതാമസം ഉണ്ടാകരുത് എന്ന് എല്ലാ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 43 | പാവപ്പെട്ടവർക്ക് നിയമസഹായം നൽകുന്നതിനായി പല സന്നദ്ധ സംഘടനകളും ഉള്ള ഈ സംസ്ഥാനത്ത് ഇത്തരം ഒരു സാഹചര്യം വന്നുചേർന്നത് ദൗർഭാഗ്യ കരമാണ്. പ്രതികൾക്ക് അർഹമായ ശിക്ഷ നൽകുന്നതിന് ശക്തമായ തെളിവുകൾ ഇല്ലാതെ പോയതും നിർഭാഗ്യകരമായ വിധിയുണ്ടാകാൻ കാരണമായി എന്ന് സമിതി കരുതുന്നു. ഇത്തരം നടപടികൾക്കെതിരെ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതോടൊപ്പം സൗജന്യ നിയമ സഹായം നൽകുന്ന സന്നദ്ധ സംഘടനകൾ, പോലീസ് ഉദ്യോഗസ്ഥന്മാർ എന്നിവർ ഉണർന്ന് പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 267) | **<u>ആഭ്യന്തര വകുപ്പ്</u>** (14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) ഈ കാര്യത്തിന് കുറ്റിപ്പുറം പോലീസ് സ്റ്റേഷൻ ക്രൈം 146/96 കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ സമർപ്പിച്ച കേസ് 18/03/1999-ന് അക്വിറ്റ് ചെയ്തിട്ടുള്ളതുമാണ്. പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി സെമിനാറുകളും ക്ലാസ്സുകളും നിരന്തരം നടത്തി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും ഇത്തരം സന്ദർഭങ്ങളിൽ സഹായിക്കാനായി വരുന്ന സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ആയതിന് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതുമാണ്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 44 | സമിതി ആവശ്യപ്പെട്ട് വരുത്തിച്ച റിപ്പോർട്ടുകളിലൊന്നിൽപ്പോലും പീഡനത്തിന് വിധേയയായ സ്ത്രീക്ക് ദുസ്സഹമായ അപമാനം വരുത്തിവച്ച സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒന്നിൽപ്പോലും എന്തെങ്കിലും പങ്കുള്ളതായി വ്യക്തമാക്കപ്പെട്ടിട്ടില്ല. ശ്രീമതി രശ്മി, ചങ്ങനാശ്ശേരി സമർപ്പിച്ച ഹർജിയിന്മേൽ വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ അലംഭാവം കാണിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കണം.<br>(ഖണ്ഡിക 272) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(26-10-2009-ലെ 49111/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ശ്രീമതി രശ്മി ചങ്ങനാശ്ശേരിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 636/97 ആയി കേസ് രജിസ്റ്റർ ചെയ്ത് 20-5-1999-ന് കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിച്ചിരുന്നതും 3-8-1999-ൽ സർക്കാർ ഉത്തരവ് (48164/എൽ2/99/ആഭ്യന്തരം) പ്രകാരം കേസ് പിൻവലിച്ചിട്ടുള്ളതുമാണ്.<br>സർക്കാർ കേസ് പിൻവലിച്ചശേഷം പരാതിക്കാരി പോലീസിലോ കോടതിയിലോ പരാതി സമർപ്പിച്ചിട്ടില്ലാത്തതും അന്വേഷണത്തിൽ അനാസ്ഥ ഉണ്ടായിട്ടില്ലാത്തതുമാണ്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 45 | നിരവധി കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുകയോ കേസിന്റെ അവസ്ഥ സംബന്ധിച്ച് വിശദവിവരങ്ങൾ സമിതിയെ അറിയിക്കുകയോ ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന അക്ഷന്തവ്യമായ കാലവിളംബം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 279) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ കാലതാമസം കൂടാതെ സമർപ്പിക്കുന്നതാണ്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 46 | കള്ളപ്പരാതികൾ ഫയൽ ചെയ്യുന്നവർക്കെതിരെ നടപടികൾ എടുക്കാൻ ആവശ്യമായ ഏർപ്പാടുകൾ ഉണ്ടാവണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 286) | **ആഭ്യന്തര വകുപ്പ്**<br>(31-1-2006-ലെ 38550/ഡി1/2003/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>രജിസ്റ്റർ ചെയ്യപ്പെട്ട കേസ് പൂർണ്ണമായും കളവാണെന്ന് ബോദ്ധ്യപ്പെട്ടാലും ദുഷ്പ്രേരണയാൽ സമർപ്പിച്ച പരാതിയാണെന്ന് കണ്ടാലും പരാതിക്കാരനെതിരെ ഇൻഡ്യൻ ശിക്ഷാനിയമം 211-ാം വകുപ്പ് പ്രകാരം ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കാവുന്നതാണെന്ന് പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു) |
| | **27-2-2006-ൽ സമിതി ആരാഞ്ഞ അധികവിവരം**<br>കള്ളപ്പരാതികൾക്കെതിരെ എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നത് സംബന്ധിച്ച വിവരം അറിയിക്കുക | **ആഭ്യന്തര വകുപ്പ്**<br>(3-8-2009-ലെ 22336/ഡി1/2006/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കള്ളപ്പരാതികൾ ഫയൽ ചെയ്യുന്നവർക്കെതിരെ നടപടികൾ എടുക്കാൻ ആവശ്യപ്പെട്ട പ്രകാരം ഇത്തരത്തിൽ കള്ളപ്പരാതികൾ സമർപ്പിച്ചതിനേക്ക് ചാർജ്ജ് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം അറിയിക്കാൻ എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും പോലീസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഈ വിഷയത്തിൽ കേസുകൾ ഒന്നും തന്നെ ചാർജ്ജ് |

| 1 | 2 | 3 |
|---|---|---|
| | | ചെയ്യപ്പെട്ടിട്ടില്ല എന്ന വിവരമാണ് ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും, മേലിൽ കള്ളപ്പരാതികൾ സമർപ്പിക്കുന്നവർക്കെതിരെ നിയമം അനുശാസിക്കുന്ന രീതിയിൽ കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട എല്ലാ പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(15-9-2010-ൽ സമിതി അംഗീകരിച്ചു) |
| 47 | വിദേശത്ത് ജോലിയുള്ള ഭർത്താക്കന്മാർ നാട്ടിൽ താമസിപ്പിക്കുന്ന ഭാര്യമാർക്ക് സ്വസ്ഥജീവിതം നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടമാവുന്നതിൽ സമിതിക്ക് അസ്വസ്ഥതയുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതം സുഖകരമാക്കാൻ സാമൂഹ്യ ക്ഷേമ വകുപ്പ് മുൻകൈ എടുക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 289) | **<u>സാമൂഹ്യക്ഷേമ വകുപ്പ്</u>**<br>(12-10-2004-ലെ 4466/ബി1/2003/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>7-8-2004-ൽ പുറപ്പെടുവിച്ച ഐ.സി.ഡി.എസ്./എ 1/16399/03 പരിപത്രം പ്രകാരം മഹിളാസമാജം, സ്വയം സഹായസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നീ സാമൂഹ്യ സംഘടനകളിലെ പ്രവർത്തകർക്കിടയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കിടയിലും ഇക്കാര്യം പ്രചരിപ്പിക്കുകയും ഒരു പ്രാദേശിക കൂട്ടായ്മയിലൂടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതിനും, ഇക്കാര്യം സംബന്ധിച്ച പ്രവർത്തനങ്ങൾ അടിയന്തരമായി അംഗൻവാടി തലത്തിൽ സജ്ജമാക്കുന്നതിന് എല്ലാ |

| 1 | 2 | 3 |
|---|---|---|
| | | നടപടികളും കൈക്കൊള്ളണമെന്നും നിഷ്കർഷിച്ചു കൊണ്ട് എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും സൂപ്പർവൈസർമാർക്കും നിർദ്ദേശം നൽകുകയുണ്ടായി. ഭാര്യാ-ഭർതൃ ബന്ധത്തിലെ അലോസരങ്ങളും അസ്വാസ്ഥ്യങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിനുള്ള സംവിധാനവും അംഗൻവാടിയോട് അനുബന്ധമുള്ള മഹിളാസമാജങ്ങളും എസ്.എച്ച്.ജി.യും കൊടുക്കണമെന്നും പ്രസ്തുത ഉത്തരവ് മുഖേന നിഷ്കർഷിച്ചിട്ടുണ്ട്.<br>(8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>**സാമൂഹ്യനീതി വകുപ്പ് സ്വമേധയാ നൽകിയ അധിക വിവരം**<br>(16-1-2009-ലെ 1192/ബി1/2005/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വിദേശത്ത് ജോലിയുള്ള പുരുഷന്മാരുടെ, നാട്ടിൽ താമസിക്കുന്ന ഭാര്യമാരുടെ പ്രശ്നങ്ങൾ അംഗൻവാടികൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രതിമാസ മാതൃയോഗങ്ങളിലും ബോധവത്കരണ ക്ലാസ്സുകളിലും ചർച്ച നടത്തുകയും പ്രശ്നപരിഹാരത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെന്ന് എല്ലാ സി.ഡി.പി.ഒ.മാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, മഹിളാ സമാജങ്ങൾ |

| 1 | 2 | 3 |
| --- | --- | --- |
| | | എന്നിവ വഴി ഈ വിഷയം സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ അംഗൻവാടി വർക്കർമാർ വഴി കൊടുത്തിട്ടുണ്ട്. കൂടുതൽ ശക്തമായ ഇടപെടലുകൾ നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും അഭ്യർത്ഥിച്ചിട്ടുണ്ട്. കൗൺസിലിംഗ് ആവശ്യമുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ അമ്മമാരുടെ മീറ്റിംഗിൽ ഈ വിഭാഗക്കാരെ പ്രത്യേകം ഉൾപ്പെടുത്തി കൗൺസിലിംഗിന് വിധേയരാക്കാനും ഇതിനായി ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കാനും സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊടുപുഴ ഐ.സി.ഡി.എസ്. പ്രോജക്ടിലെ 91-ാം നമ്പർ അംഗൻവാടിയിലെ വെൽഫെയർ കമ്മിറ്റിയിൽ ഇങ്ങനെയുള്ള ഒരാൾക്ക് പ്രത്യേക പരിഗണന നൽകി മെമ്പറാക്കിയിട്ടുണ്ടെന്നും ഇടുക്കി പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താല്ക്കാലിക നിയമനങ്ങളിലും ഇത്തരക്കാർക്ക് മുൻഗണന നൽകി വരുന്നതായും അറിയിച്ചിട്ടുണ്ട്. ഇടപ്പള്ളി ഐ.സി.ഡി.എസ്.-ന്റെ പരിധിയിൽ നിന്നും ഇത്തരത്തിലുള്ള രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകി വരുന്നുവെന്നും എറണാകുളം പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| 1 | 2 | 3 |
| --- | --- | --- |
| | | സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും മാനസിക സംഘർഷങ്ങൾ കുറയ്ക്കാൻ സഹായിക്കുന്ന സെമിനാറുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട് (4-8-2009-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 48 | നിയമസഭാ സമിതിയുടെ ഇടപെടലുകൾ ഉണ്ടായിട്ടുപോലും അന്വേഷണം ഇഴഞ്ഞു നീങ്ങുന്ന അനുഭവങ്ങൾ വരുന്നത് നീതിന്യായ വ്യവസ്ഥകളിലുള്ള സാധാരണക്കാരന്റെ വിശ്വാസം നഷ്ടപ്പെടുത്തും എന്ന് സമിതി ഭയപ്പെടുന്നു. അത്തരം കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 300) | **ആഭ്യന്തര വകുപ്പ്** (14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) കേസന്വേഷണത്തിന്റെ കാലതാമസം ഒഴിവാക്കുവാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതാണ്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 49 | പരാതിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വ്യാജവാറ്റ് സംബന്ധിച്ച് റിപ്പോർട്ടിൽ ഒന്നും കാണാത്തത് സമിതി പ്രത്യേകം ശ്രദ്ധിക്കുകയും കോളനി പ്രദേശങ്ങളിൽ വ്യാജവാറ്റും വ്യാജ ചാരായവും തടയുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 304) | **ആഭ്യന്തര വകുപ്പ്** (22-3-2006-ലെ 17987/ഡി2/03/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) വ്യാജവാറ്റും വ്യാജ ചാരായവും തടയുന്നതിന് കോളനി പ്രദേശങ്ങൾ, മലയോര പ്രദേശങ്ങൾ സംശയാസ്പദമായ മറ്റു പ്രദേശങ്ങൾ എന്നിവയിൽ പട്രോളിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എങ്കിലും നിങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടെങ്കിൽ മാത്രമേ ഈ വിഷയത്തിൽ സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമാകുകയുള്ളൂ എന്ന് പോലീസ് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. |

| 1 | 2 | 3 |
|---|---|---|
| | | (8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു)<br>**<u>നികുതി വകുപ്പ്</u>**<br>(9-3-2004-ലെ 4425/ജി2/03/നിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പരാതിയിൽ പറയുന്ന പന്തളം പഞ്ചായത്തിലെ മണത്തറ പട്ടികജാതി കോളനിയുടെ വടക്കുപടിഞ്ഞാറു ഭാഗം കരിങ്ങാലി പുഞ്ചയാണ്. ആളുകൾ വാറ്റുവാനായി ടി പ്രദേശങ്ങളിൽ കോടയും മറ്റും കലക്കി സൂക്ഷിക്കാറുണ്ട്. നിരന്തര റെയ്ഡുകൾ നടത്തുകയും കോടയും വാറ്റുപകരണങ്ങളും കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. അടൂർ റേഞ്ചിൽ 16 കേസ്സുകളിലായി ധാരാളം ചാരായവും കോടയും തൊണ്ടിയായി പിടിച്ചെടുത്തിട്ടുണ്ട്.<br>പരാതിക്കാരായ ശ്രീമതി പങ്കജാക്ഷി, കുഞ്ഞുമോൾ എന്നിവരെ അടൂർ എക്സൈസ് പാർട്ടി നേരിൽ കണ്ട് അന്വേഷിച്ചതിൽ പരാതിക്കാധാരമായ സംഭവം രാഷ്ട്രീയമായി നടന്ന വഴക്കിന്റെ പേരിൽ നടന്ന കൂട്ട ആക്രമണമാണെന്നും ആക്രമിക്കാൻ ചെന്ന ഒരു രാഷ്ട്രീയ കക്ഷിയിൽപ്പെട്ട സുരേഷ്, ഉണ്ണി, സുഭാഷ്, ബിനോയ് തുടങ്ങിയവർക്ക് വ്യാജവാറ്റുള്ളതായി അറിയില്ലായെന്നും അവരെക്കൊണ്ട് പിന്നീട് യാതൊരു ഉപദ്രവങ്ങളും ഉണ്ടായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ തുടർന്നും ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തുന്നതാണ്. |

| 1 | 2 | 3 |
|---|---|---|
| 50 | ജീവനാംശം സംബന്ധിച്ച കേസ്സുകളുടെ വിശദവിവരം അടങ്ങുന്ന ഒരു രജിസ്റ്റർ അതാതു ജില്ലയിലെ വനിതാസെല്ലിൽ സൂക്ഷിക്കേണ്ടതും മുടക്കം വരുന്ന കേസ്സുകളിൽ യഥാസമയം പരാതി സ്വീകരിച്ച് നടപടി കൈക്കൊള്ളേണ്ടതും ഉചിതമായിരിക്കും.<br><br>(ഖണ്ഡിക 315) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(17-12-2010-ലെ 61249/കെ2/09/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ജീവനാംശം കുടിശ്ശിക വരുമ്പോഴും, അടയ്ക്കാതിരിക്കുമ്പോഴും അതത് ലോക്കൽ പോലീസ് സ്റ്റേഷനിലാണ് കോടതിയിൽ നിന്നുമുള്ള ഉത്തരവുകൾ നൽകുന്നത്. ആയതിനാൽ ജീവനാംശം സംബന്ധിച്ച കേസ്സുകളുടെ വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റേഷനുകളിലാണ് സൂക്ഷിച്ചുവരുന്നത്.<br>കോടതിയിൽ നിന്നുമുള്ള ഉത്തരവുകൾ അനുസരിച്ച് ജീവനാംശം സംബന്ധിച്ച കേസ്സുകളുടെ വിശദ വിവരങ്ങളടങ്ങുന്ന ഒരു രജിസ്റ്റർ ജില്ലാ വനിതാ സെല്ലുകളിൽ സൂക്ഷിക്കുവാനും മുടക്കം വരുന്ന കേസ്സുകളിൽ യഥാസമയം പരാതി സ്വീകരിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാനും ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(14-12-2011-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 51 | സ്വകാര്യ ബസ് ജീവനക്കാരുടെ യാത്രക്കാരോടുള്ള പെരുമാറ്റം സംബന്ധിച്ച സംസ്ഥാന മോട്ടോർ വാഹന വകുപ്പ് 'കോൺടക്റ്റ് റൂൾസ്' ഉണ്ടാക്കേണ്ടതും പ്രധാനപ്പെട്ട ബസ് ഡിപ്പോകളിലും ബസ്സിനകത്തും ആയത് വായിച്ചറിയുന്നതിനായി പ്രദർശിപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.<br><br>(ഖണ്ഡിക 319) | **ഗതാഗത വകുപ്പ്**<br>(11-6-2003-ലെ 3976/ബി1/03/ട്രാൻ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>1989-ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾസിലെ 89-ാം ചട്ടത്തിൽ സ്റ്റേജ് ക്യാരേജ് ഡ്രൈവർമാരുടെ പെരുമാറ്റവും ജോലിയുടെ സ്വഭാവവും അവയുടെ നിർവ്വഹണവും സംബന്ധിച്ചുള്ള കാര്യങ്ങളാണ് പറയുന്നത്. 46-ാം ചട്ടം ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കണ്ടക്ടറുടെ പെരുമാറ്റ രീതികളെ സംബന്ധിച്ചുള്ളതാകുന്നു. 153 എ, 153 ബി എന്നീ ചട്ടങ്ങൾ ഡ്രൈവറും കണ്ടക്ടറും ഒഴികെ മറ്റു ജീവനക്കാരെ കുറിച്ചുള്ളതാണ്. 153-ാം ചട്ടപ്രകാരം ഡ്രൈവറുടെയും മറ്റു ജീവനക്കാരുടെയും പെരുമാറ്റം ഉത്തരവാദിത്വം എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും പെർമിറ്റ് ഹോൾഡറിൽ നിക്ഷിപ്തമാകുന്നു. ആയതിനാൽ പുതിയ പെരുമാറ്റ ചട്ടങ്ങൾ രൂപീകരിക്കേണ്ടതില്ല എന്നും വ്യക്തമായ പരാതികൾ കിട്ടുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. 'പെരുമാറ്റ ചട്ടങ്ങൾ' കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കാൻ ബസ് ഡിപ്പോകളിലും ബസ് സ്റ്റാൻഡുകളിലും, ബസ്സിനകത്തും പ്രദർശിപ്പിക്കുകയെന്നത് പ്രായോഗികമല്ലാത്ത ഒരു ശിപാർശയാണെന്നും അറിയിക്കുന്നു.<br>(24-3-2004-ലെ യോഗത്തിൽ പരിഗണിക്കുകയും ഗതാഗത വകുപ്പിൽ |

| 1 | 2 | 3 |
|---|---|---|
| | | നിന്ന് ലഭിച്ച റിപ്പോർട്ടിൽ പറയുന്ന കേരള മോട്ടോർ വെഹിക്കിൾ റൂൾസിലെ 89, 46, 153, 153 എ, 153 ബി എന്നീ ചട്ടങ്ങളുടെ കോപ്പി ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ആയത് ലഭിക്കുകയും ചെയ്തു.) |
| 52 | കുട്ടികളുമായി ബസിൽ യാത്ര ചെയ്യുമ്പോൾ ബസിൽ സ്ത്രീകൾ നിൽക്കുന്നുണ്ടായിരുന്നുവെന്നും സ്ത്രീകളുടെ സീറ്റിൽ കയറിയിരുന്ന പുരുഷന്മാരെ മാറ്റാൻ കണ്ടക്ടറോട് ആവശ്യപ്പെട്ടിട്ടും ടിയാൾ അതിനു തയ്യാറായില്ലെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, ഇത്തരം ആവലാതികൾ ഒഴിവാക്കാൻ ആവശ്യമായ ശക്തമായ നടപടികൾ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ഉണ്ടാവണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 323) | **<u>ആഭ്യന്തര വകുപ്പ്</u>**<br>(14-1-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകൾക്ക് സംവരണം ചെയ്ത സീറ്റിൽ പുരുഷൻമാർ ഇരിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായി ഇടയ്ക്കിടെ ബസുകൾ ചെക്കുചെയ്യുകയും ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ ട്രാഫിക് യൂണിറ്റിലുള്ളവർക്ക് ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 53 | പുരുഷൻമാർ ഒന്നിലേറെ വിവാഹം കഴിക്കുന്നതുമൂലം സംജാതമാകുന്ന പ്രശ്നങ്ങൾ സമിതി ഗൗരവപൂർവ്വം കണക്കിലെടുക്കുന്നു. ഗവൺമെന്റിന്റെ ദയാദൃഷ്ടി ഈ വക അനുഭവങ്ങൾ ക്കുനേരെ തിരിയണമെന്നും അനുപേക്ഷണീയത നടപടികൾ | **<u>ആഭ്യന്തര വകുപ്പ്</u>**<br>(20-2-2010-ലെ 49113/ജെ1/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പുരുഷൻമാർ നിയമാനുസൃതമല്ലാതെ ഒന്നിലേറെ വിവാഹം കഴിക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവപൂർവ്വം |

| 1 | 2 | 3 |
|---|---|---|
| | കൈക്കൊള്ളുന്നതിൽ അയവുകൾ വരുത്തരുത് എന്നും സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 327) | കണക്കിലെടുക്കുന്നതും അവയിൽ അനപേക്ഷണീയമായ നിയമനടപടികൾ യാതൊരു അയവും കൂടാതെ കൈക്കൊള്ളുന്നതുമാണ്. അത്തരക്കാർക്കെതിരെ പരാതി ലഭിച്ചാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 54 | പോലീസ് വകുപ്പിൽ താഴെത്തട്ടിൽ സൗമ്യമായ വിശദീകരണങ്ങൾ അന്വേഷകർക്ക് നൽകുന്നതിനുള്ള അലംഭാവമാണ് ചിലപ്പോൾ നുള്ളി സമുദ്രമാകുന്നതിന് കാരണമാകുന്നത്. എങ്കിൽ അത്തരം സാഹചര്യങ്ങൾ ഉരുത്തിരിഞ്ഞുവരാതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകണം എന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 335) | <u>**ആഭ്യന്തര വകുപ്പ്**</u> (18-6-2009-ലെ 18040/ജെ1/2003/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്) സമിതിയുടെ നിർദ്ദേശാനുസരണം പോലീസ് വകുപ്പിൽ താഴെത്തട്ടിൽ സൗമ്യമായ വിശദീകരണങ്ങൾ അന്വേഷകർക്ക് നൽകിവരുന്നതായി അറിയിക്കുന്നതോടൊപ്പം നാട്ടുകാരിൽ പലരും പരാതിക്കാരിയുടെ ഭർത്താവിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് സംശയം പ്രകടിപ്പിച്ചതിനാലാണ്. അതേ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് പരാതിക്കാരി പരാതി നൽകുവാൻ ഇടയായതെന്നും ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു. (4-8-2009-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 55 | സഹകരണ നിയമമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിലേക്ക് പത്രപരസ്യം കണ്ടാണ് ഹർജിക്കാരി ജോലിക്ക് അപേക്ഷിച്ചത്. പരസ്യത്തിൽ തസ്തിക സ്ഥിരമെന്നോ താൽക്കാലികമെന്നോ വ്യക്തമാക്കിയിരുന്നില്ല. അന്വേഷണ റിപ്പോർട്ടിൽ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെയാണ് നിയമനം നടത്തിയതെന്നും എന്നാൽ 19-5-1998-ലെ ഉത്തരവ് പ്രകാരം 13 തസ്തികകൾ ജോയിന്റ് രജിസ്ട്രാർ അനുവദിച്ചിട്ടുള്ളതായും പറയുന്നു. ഇത്തരത്തിൽ അനുവാദം കൂടാതെ നിയമനം നടത്തുകയും പിന്നീട് അവയ്ക്ക് സാധൂകരണം തേടുകയും ചെയ്യുന്നത് ശരിയായ ഒരു കീഴ്വഴക്കമല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. പരാതിക്കാരിക്ക് ജോലി സ്ഥിരത സംബന്ധമായ ആവലാതികൾ പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന വിഷയം സംബന്ധിച്ച് സമിതിയെ വിവരം അറിയിക്കുന്നതിന് കുറ്റകരമായ അനാസ്ഥ ബന്ധപ്പെട്ടവർ കാണിച്ചിട്ടുണ്ട് എന്ന് സമിതി അഭിപ്രായപ്പെടുന്നു. തൽസംബന്ധമായി ഒരന്വേഷണം നടത്തണമെന്ന് സമിതി ഗവൺമെന്റിനോട് ശിപാർശ ചെയ്യുന്നു.<br><br>(ഖണ്ഡിക 360) | <u>**സഹകരണ വകുപ്പ്**</u><br>(18-5-2009-ലെ 2898/സി4/2009/ സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>തൃശ്ശൂർ ജില്ലാ മഹാത്മാ സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ ആശുപത്രി സംഘം നമ്പർ ആർ 816-ലെ ജീവനക്കാരിയായിരുന്ന ശ്രീമതി അജിത ഹരിദാസിന് ടിയാരിയുടെ ഡെപ്പോസിറ്റ് സംഖ്യ 6% പലിശ സഹിതം തിരികെ നൽകിയിട്ടുണ്ട്. സംഘം രേഖകൾ പ്രകാരം ടിയാരിയുടെ നിയമനം താല്ക്കാലികം ആയിരുന്നെന്നും, പ്രസവത്തെത്തുടർന്ന് ജോലിക്ക് ഹാജരാകാതിരുന്നതിനാൽ ആണ് ജോലിയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളത് എന്നും അന്വേഷണത്തിൽ അറിയുന്നു. വകുപ്പിന്റെ മുൻകൂർ അംഗീകാരം ഇല്ലാതെ നിയമനം നടത്തിയതും നിയമിക്കപ്പെടുന്ന തസ്തിക സ്ഥിരമാണോ താല്ക്കാലികമാണോ എന്നോ വ്യക്തമാക്കാതിരിക്കുകയും സ്ഥിരപ്പെടുത്താമെന്ന വാഗ്ദാനം നൽകി നിക്ഷേപങ്ങളും മറ്റും സ്വീകരിക്കുകയും ചെയ്തത് ഗുരുതരമായ വീഴ്ചയും ചട്ടലംഘനവുമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 14-2-1998-ലാണ് ശ്രീമതി അജിത ഹരിദാസിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തത്. 19-5-1998-നാണ് പുതിയ തസ്തിക അനുവദിച്ച് നൽകിയിട്ടുള്ളത്. |

| 1 | 2 | 3 |
|---|---|---|
| | | ജോലി സംബന്ധമായി ശ്രീമതി അജിത ഹരിദാസിനെ തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ നേരിൽ കേട്ടതിൽ താല്ക്കാലികമായോ സ്ഥിരമായോ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ആവശ്യം ടിയാരി ഉന്നയിച്ചിട്ടില്ല. ശ്രീമതി അജിത ഹരിദാസിനെ സ്ഥിരമായോ താല്ക്കാലികമായോ നിയമിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി സംഘത്തിനില്ല. ആയതിനാൽ ശ്രീമതി അജിത ഹരിദാസിന്റെ ജോലി സംബന്ധമായ ആവലാതികൾ പരിഹരിക്കുവാൻ സാദ്ധ്യമായ ഒരു സാഹചര്യമല്ല ഇപ്പോൾ സംഘത്തിനുള്ളത്.<br>(4-8-2009-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 56 | ആഭ്യന്തര വകുപ്പിൽ നിന്നും എക്സൈസ് വകുപ്പിൽ നിന്നും നടത്തിയ അന്വേഷണങ്ങളുടെ ഫലമായി വ്യാജമദ്യം വിൽപ്പന ഉണ്ടായിരുന്നുവെന്നും അന്വേഷണ വേളയിൽ ആവക ഏർപ്പാടുകളൊന്നും നിലനിൽക്കുന്നില്ല എന്നും ആണ് അറിയാൻ കഴിയുന്നത്. ആ നിലയ്ക്ക് വ്യാജമദ്യം വിൽപ്പനയുണ്ടായിരുന്ന ഒരു പ്രദേശത്ത് സമിതിയുടെ ഇടപെടൽ നിമിത്തം അതൊഴിവായ സാഹചര്യത്തിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ ഇടപെടലുകൾ കൂടാതെ ഇമ്മാതിരി | <u>**നികുതി വകുപ്പ്**</u><br>(9-3-2004-ലെ 4425/ജി2/03/നിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)<br>പരാതിയിൽ പറയുന്ന സ്ഥലങ്ങളിൽ വ്യാജമദ്യ വിൽപ്പന ഇപ്പോൾ ഇല്ല എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്നും ടി സ്ഥലങ്ങളിൽ വ്യാജമദ്യ വില്പന നടക്കാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(24-3-2004-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| | സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് സർക്കാർ നിർദ്ദേശം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 368)<br>**24-3-04-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം**<br>ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെ സംബന്ധിച്ച് സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. കൂടുതൽ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചു. | (24-11-2014-ലെ 25262/ജ12/2013/ നി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സമിതിയുടെ നിർദ്ദേശ പ്രകാരം തുടർന്നും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, റെയിഡുകൾ പട്രോളിംഗ് എന്നിവ ശക്തിപ്പെടുത്തി വ്യാജമദ്യ വിതരണം, വിപണനം, ഉപഭോഗം എന്നിവ തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും വേണ്ട നിർദ്ദേശം നൽകുവാൻ എക്സൈസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(4-2-2015-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 57 | ആരെങ്കിലും ഇടപെട്ടാൽ മാത്രമേ അന്യായമായ ലഹരി വിൽപനകൾക്ക് അറുതി വരുത്താൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥ മാറാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 372) | **നികുതി വകുപ്പ്**<br>(9-3-2004-ലെ 4425/ജ12/03/ നിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>അന്യായമായ ലഹരി വിൽപനകൾക്ക് അറുതി വരുത്താൻ നിലവിലുള്ള നിയമം അനുസരിച്ച് ആരുടെയും പ്രേരണ കൂടാതെ തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(24-3-2004-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| 58 | 17-1-1991-ൽ നടന്ന സംഭവത്തിനു മേൽ നീണ്ട കാലയളവിനുശേഷം 6-5-1996-ന് തെറ്റായ റിപ്പോർട്ട് നൽകുക, 21-4-2001-ൽ വ്യത്യസ്ഥമായ മറ്റൊരു റിപ്പോർട്ടു നൽകുക, ഇതിനിടയിൽ ആരോപിക്കപ്പെട്ട പ്രതിക്ക് വിദേശത്ത് പോകാൻ അവസരം നൽകുക എന്നീ കാര്യങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥമൂലമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത കേസ് സംബന്ധമായി അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ തക്കതായ നടപടികൾ എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>(ഖണ്ഡിക 380) | **ആഭ്യന്തര വകുപ്പ്**<br>(26-10-2009-ലെ 49111/ജെ3/2009/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മകനെ കാണാനില്ലെന്ന് ശ്രീമതി സാറാമ്മയുടെ പരാതി സംബന്ധിച്ച് ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ ക്രൈം 72/92, അജ്ഞാത മൃതദേഹം കണ്ടെത്തിയതിനെ തുടർന്ന് 209/91 എന്നിങ്ങനെ രണ്ടുകേസുകൾ രജിസ്റ്റർ ചെയ്തിരുന്നതും അജ്ഞാത മൃതദേഹവും പരാതിക്കാരിയുടെ മകന്റെ ഫോട്ടോഗ്രാഫും Super imposition പരിശോധന നടത്തി 26-7-1994-ൽ ലഭിച്ച ഫോറൻസിക് റിപ്പോർട്ടിൽ "The skull and Mandible in items 1 and 2 does not belong to the person whose photograph is given in Item No.8 " (Item No.8 was Black and White Photo of Joy @ age Jacob) എന്നും മറ്റും രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ഇരുകേസുകളുടെയും അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും Super imposition പരിശോധന നടത്തിയതിൽ 23-8-1997-ൽ ലഭ്യമായ റിപ്പോർട്ടിൽ "The skull and Mandible |

| 1 | 2 | 3 |
|---|---|---|
| | | in Item No. 1 could have belonged to the person whose photograph is given in item No. 2 " (Item No. 2 was the photograph of Joy @ Jacob missing person in Cr.72/92 of Erattupetta Police Station. അതിനാലാണ് വ്യത്യസ്തമായ റിപ്പോർട്ടുകൾ അയയ്ക്കുവാൻ കാരണമായത്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 59 | സർക്കാരിന്റെ നിലപാടുകളും നിയമങ്ങളും പരിമിതികളും സംബന്ധിച്ച അജ്ഞത അകറ്റാൻ സമിതിയുടെ ഇടപെടലുകൾ നിമിത്തം സാധിക്കുന്നു എന്നതിൽ സമിതിയ്ക്ക് സംതൃപ്തിയുണ്ട്. പരാതിക്കാർക്ക് ആധികാരികമായ അറിയിപ്പുകളും വിശദീകരണങ്ങളും തക്കസമയത്ത് നൽകിയാൽ ഇത്തരം പരാതികൾ ഒഴിവാക്കാൻ സാധിക്കും എന്ന് സമിതി അഭിപ്രായപ്പെടുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്യുന്നു. (ഖണ്ഡിക 386) | <u>**സാമൂഹ്യനീതി വകുപ്പ്**</u> (12-10-2004-ലെ 4466/ബി1/03/ സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്) പ്രസ്തുത ശിപാർശയിൽ സർക്കാർ നിലപാടുകളും നിയമങ്ങളുടെ പരിമിതികളും സംബന്ധിച്ച അജ്ഞത പൊതു ജനങ്ങളിൽ നിന്നും അകറ്റാൻ പരാതിക്കാരിക്ക് യഥാസമയം ആധികാരികമായ അറിയിപ്പും വിശദീകരണങ്ങളും തക്ക സമയത്ത് നൽകുവാൻ സാമൂഹ്യക്ഷേമ ഡയറക്ടർ എല്ലാ കീഴ് ഓഫീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ശിപാർശകളിന്മേൽ എടുത്ത നടപടികളുടെയും മറ്റും കാര്യങ്ങൾ |

| 1 | 2 | 3 |
|---|---|---|
| | | ശിശുവികസന പദ്ധതി ഓഫീസർമാരെ പ്രോജക്ട്തല മീറ്റിംഗുകളിലും അവലോകനം ചെയ്യേണ്ടതാണെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് മൂന്നു മാസത്തിലൊരിക്കൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും വീഴ്ചകൂടാതെ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും ഈ റിപ്പോർട്ട് ഒക്ടോബർ, ജനുവരി, ഏപ്രിൽ, ജൂലൈ എന്നീ മാസങ്ങളിലാണ് അയയ്ക്കേണ്ടതെന്നും 7-8-2004-ലെ പരിപത്രത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.<br>(8-8-2008-ലെ യോഗത്തിൽ അംഗീകരിച്ചു)<br><br>**സാമൂഹ്യനീതി വകുപ്പ് സ്വമേധയാ നൽകിയ അധികവിവരം**<br>(16-1-2009-ലെ 1192/ബി1/2015/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>നിയമസഭാ സമിതിയുടെ 386-ാം ശിപാർശയനുസരിച്ച് സർക്കാരിന്റെ നിലപാടുകളും നിയമങ്ങളുടെ പരിമിതികളും സംബന്ധിച്ച അറിവ് പൊതുജനങ്ങളിലെത്തിക്കാൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ടെന്ന് എല്ലാ സി.ഡി.പി.ഒ.മാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതികൾക്ക് യഥാസമയം ആധികാരികമായി തന്നെ വിശദീകരണങ്ങളും അറിയിപ്പുകളും നൽകാൻ ഐ.സി.ഡി.എസ്. പ്രോജക്ട് തലത്തിൽ തന്നെ ശ്രദ്ധിച്ചുവരുന്നുണ്ടെന്നുകൂടി റിപ്പോർട്ട് ചെയ്യുന്നു.<br><br>(4-8-2009-ലെ യോഗത്തിൽ അംഗീകരിച്ചു.) |

1135/2016.

| 1 | 2 | 3 |
|---|---|---|
| 60 | പാവപ്പെട്ടവരുടെ ചികിത്സാ സഹായത്തിന് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കപ്പെട്ടമ്പോൾ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും കാലതാമസം വരികയാണെങ്കിൽ കാരണം അറിയിക്കാൻ പ്രതിബദ്ധത കാണിക്കണമെന്നും സർക്കാരിനോട് ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 389) | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** (8-12-2009-ലെ 14099/എ 3/2009/ ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്) ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി മുഖാന്തിരം ചികിത്സാ ധനസഹായത്തിന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കപ്പെടുമ്പോൾ കിട്ടുന്ന മുറയ്ക്ക് അപേക്ഷ സ്വീകരിച്ച് കാലതാമസം കൂടാതെ തന്നെ തുക അനുവദിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തോടെ ലഭിക്കുന്ന പ്രസ്തുത അപേക്ഷകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ അനുവദിക്കുന്ന തുക ആരോഗ്യ വകുപ്പ് ഡയറക്ടർ മണിയോർഡറായി അയച്ചുകൊടുക്കുന്നു.<br>ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ മുഖേനയും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഈ സൊസൈറ്റിയിൽ നിന്നും 2009 മാർച്ച് മാസം വരെ ലഭിച്ച എല്ലാ അപേക്ഷകളിലും തീർപ്പുകൽപ്പിക്കുകയും ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2009 ഏപ്രിൽ മാസം മുതൽ ലഭിച്ച അപേക്ഷകളിൽ ധനസഹായ വിതരണത്തിന് നടപടി സ്വീകരിച്ചു വരുന്നു.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
| --- | --- | --- |
| 61 | സമിതിയുടെ ഇടപെടലുകളുടെ ഫലമായി വികലാംഗർക്ക് അനുകൂലമായ ഒരു തീരുമാനം എടുത്ത ഭവന നിർമ്മാണ ബോർഡിനെയും ഭവന നിർമ്മാണ വകുപ്പിനെയും സമിതി അനുമോദിക്കുന്നു. ജി.ഒ. (എംഎസ്.) നമ്പർ 13/2001/ ഹൗസിംഗ്, തീയതി 20-3-2001 പോലെയുള്ള ഉത്തരവുകൾ മറ്റു വകുപ്പുകളും അതതു വകുപ്പുകളുടെ കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും ശിപാർശകൾ സ്വീകരിച്ച് നടപ്പിലാക്കണം എന്ന് കമ്മിറ്റി സർക്കാരിനോട് ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 397) | **<u>സാമൂഹ്യക്ഷേമ വകുപ്പ്</u>** (17-5-2010-ലെ 4765/സി2/2010/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്) SAARC വികലാംഗ വർഷമായി ആചരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-1-1993-നും 31-7-1994-നും ഇടയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ 30-3-1995-ലെ GO(P)6/95/ P&ARD നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. ഇതേ കാലയളവിൽ പൊതുമേഖല സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്ന കാര്യം മുൻനിർത്തി തീരുമാനമെടുക്കുന്നതിനുള്ള അനുമതി ഉത്തരവും 30-3-1995-ലെ ഉത്തരവ് പ്രകാരം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണ ബോർഡിൽ ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തികൊണ്ട് ഭവന നിർമ്മാണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിനെയാണ് നിയമസഭാ കമ്മിറ്റി പ്രശംസിച്ചിട്ടുള്ളത്. സമിതിയുടെ ശിപാർശയുടെ വെളിച്ചത്തിൽ ഭവന നിർമ്മാണ വകുപ്പ് പുറപ്പെടുവിച്ച രീതിയിൽ സാർക്ക് വികലാംഗ വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിരുന്ന വികലാംഗരെ അതാത് സ്ഥാപനങ്ങളിൽ സ്ഥിരപ്പെടു |

| 1 | 2 | 3 |
|---|---|---|
| | | ത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഈ വകുപ്പിന്റെ 12-3-2010-ലെ 1292/എ 2/10/ സാ.ക്ഷേ.വ. സർക്കുലറിലൂടെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടുണ്ട് എന്ന വിവരം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ അറിയിച്ചു കൊള്ളുന്നു.<br>(15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു)<br>അനുബന്ധം (3) |
| 62 | അർഹതപ്പെട്ട അപേക്ഷകളിൽ ന്യായമായ തീരുമാനമെടുക്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.<br>(ഖണ്ഡിക 404)<br><br>**<u>24-3-2004-ൽ സമിതി ആരാഞ്ഞ അധിക വിവരം</u>**<br>റിപ്പോർട്ടിൽ പറയും പ്രകാരം അർഹതപ്പെട്ട അപേക്ഷകളിൽ ന്യായമായ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞു. | **<u>കൃഷി വകുപ്പ്</u>**<br>(6-6-2003-ലെ 9119/എ.എഫ്2/03/എ.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കമ്മിറ്റിയുടെ ശിപാർശയനുസരിച്ച്, അർഹതപ്പെട്ട അപേക്ഷകളിൽ ന്യായമായ തീരുമാനങ്ങളെടുക്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന് കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(24-3-2004-ലെ യോഗത്തിൽ പരിഗണിച്ചു)<br>**<u>കൃഷി വകുപ്പ്</u>**<br>(26-6-2009-ലെ 1127/എ.എഫ്. 2/04/ കൃഷി നമ്പർ കത്ത് പ്രകാരം ലഭിച്ചത്)<br>ശ്രീ. എം. എബ്രഹാമിന്റെ അനന്തര അവകാശിയായ ശ്രീമതി മിനി എബ്രഹാമിന് ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി കൃഷി (മണ്ണു സംരക്ഷണം) |

| 1 | 2 | 3 |
|---|---|---|
| | | ഡയറക്ടറിൽ നിന്നും ലഭിച്ച 2-5-2000-ലെ കത്ത് 4-5-2000-ൽ തിരുവനന്തപുരം കൃഷി ഡയറക്ടറേറ്റിൽ ലഭിക്കുകയും ശ്രീമതി മിനി എബ്രഹാമിന്റെ പിതാവിന്റെ പെൻഷൻ ബുക്കിന്റെ പകർപ്പും മറ്റു ബന്ധപ്പെട്ട രേഖകളും കൂടി അയച്ചുതരുന്നതിനായി ആവശ്യപ്പെടുകയും ചെയ്തു. ശ്രീമതി മിനി എബ്രഹാം അയച്ച രേഖകൾ 6-9-2001-ൽ കൃഷി ഡയറക്ടറേറ്റിൽ ലഭിക്കുകയും 20-9-2001-ൽ മിനി എബ്രഹാമിന് കുടുംബ പെൻഷൻ അനുവദിക്കുകയും ചെയ്തു. കൃഷി ഡയറക്ടറേറ്റിൽ മിനിയുടെ ഫാമിലി പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ അടങ്ങിയ ഫയൽ പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടായി. കാലതാമസം വരുത്തുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം ആവശ്യപ്പെട്ടുവെന്നും ടി ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുത് എന്ന താക്കീത് അവർക്ക് നൽകിയിട്ടുണ്ടെന്ന് കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>(4-8-2009-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 63 | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം മറികടന്നുകൊണ്ട് റ്റി.റ്റി.ഐ. മാനേജർമാർ അവരുടെ സ്വാധീനമുപയോഗിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുകയും അവസാനം നീതി ലഭിക്കുന്നതിന് വേണ്ടി വിദ്യാർത്ഥികളെ കോടതിയെ | **<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>**<br>(16-9-2009-ലെ 31435/ഡി3/08/ പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മാനേജർമാർ മാനേജ്മെന്റ് ക്വാട്ടയിലെ വിദ്യാർത്ഥികളുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിശോധനയ്ക്ക് |

| 1 | 2 | 3 |
|---|---|---|
| | അഭയം പ്രാപിക്കുന്നതിന് നിർബന്ധിതരാകുകയും ചെയ്യുന്നത് ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. (ഖണ്ഡിക 410) | വിധേയമാക്കേണ്ടതാണ് എന്ന നിബന്ധന വർഷംതോറും പുറപ്പെടുവിക്കുന്ന ടി.ടി.സി. പ്രവേശന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. അതനുസരിച്ച് പ്രവേശന നടപടികൾ പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സെലക്ഷൻ ലിസ്റ്റ് പരിശോധിച്ച് അയോഗ്യരായ/അനർഹരായ വിദ്യാർത്ഥികളെ ഒഴിവാക്കിയാണ് ഇപ്പോൾ ടി. ടി. സി. പ്രവേശനം നടത്തുന്നത്. (15-9-2010-ലെ യോഗത്തിൽ അംഗീകരിച്ചു) |
| 64 | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമീണ ജനതയ്ക്ക് എല്ലാതരത്തിലുമുള്ള ചികിത്സയും-പരിചരണവും ലഭിക്കേണ്ടുന്ന സ്ഥാപനമാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. അമിതലാഭം നേടാൻ കഴിയാത്ത ഗ്രാമീണ മേഖലയിൽ സ്വകാര്യ ആശുപത്രികൾ ആരംഭിക്കാൻ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ ജനതയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഗൈനക്കോളജിസ്റ്റിനെ വീതം നിയമിക്കണമെന്നും പ്രസവ സംബന്ധമായ ചികിത്സയ്ക്കാവശ്യമായ എല്ലാ സംവിധാനവും ഉണ്ടാക്കണമെന്നുമുള്ള ശിപാർശയിന്മേൽ നടപടി സംബന്ധിച്ച്. (ഖണ്ഡിക 416) | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്** (8-8-2005-ലെ 15114/എം3/2003/ ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്) പി.എച്ച്.സി.-കൾ ഗ്രാമീണ ജനതയ്ക്ക് എല്ലാതരത്തിലുമുള്ള ചികിത്സയും പരിചരണവും നൽകാൻ തക്ക സംവിധാനങ്ങളോടുകൂടിയ സ്ഥാപനങ്ങളല്ല. ബ്ലോക്ക് പി.എച്ച്.സി.-കൾ ഒഴികെ ബാക്കി പി.എച്ച്.സി.കളിൽ ഒരു ഡോക്ടർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. പി.എച്ച്.സി.കളിൽ പ്രാഥമിക ചികിത്സകളും പരിചരണവും മാത്രമാണ് നൽകുന്നത്. പ്രസവ സംബന്ധമായ പ്രാഥമിക ചികിത്സയ്ക്കോ സിസേറിയൻ പോലെയുള്ള ശസ്ത്രക്രിയകളോ നടത്താൻ സംവിധാനങ്ങളില്ല. സിസേറിയൻ നടത്താൻ ആശുപത്രിയോടനുബന്ധിച്ച് ബ്ലഡ് ബാങ്ക്, അനസ്തേഷ്യ വിദഗ്ദ്ധർ തുടങ്ങിയവർ ആവശ്യമാണ്. അതുകൊണ്ട് പി.എച്ച്.സി.കളിൽ |

| 1 | 2 | 3 |
|---|---|---|
| | | ഗൈനക്കോളജിസ്റ്റിനെ നിയമിച്ചതു കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം നേടാൻ കഴിയില്ല. പി.എച്ച്.സി.കളുടെ സേവനം മതിയാകാതെവരുന്ന കേസുകളിൽ താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിങ്ങനെ ഉയർന്ന കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കിവരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തിയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും മെച്ചമായ സേവനം നൽകാൻ സർക്കാർ ശ്രമിച്ചുവരുന്നുണ്ട്. (24-10-2005-ലെ യോഗത്തിൽ പരിഗണിച്ചു) |
| | **<u>24-10-2005-ൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>**<br>ഗ്രാമീണ മേഖലയിൽ നിന്നുള്ള കഴിഞ്ഞ അഞ്ചു വർഷത്തെ രോഗികളുടെ കണക്കെടുത്ത് കൂടുതലാളുകളുള്ള സ്ഥലങ്ങളിൽ ഒരു ഗൈനക്കോളജിസ്റ്റിനെയെങ്കിലും നിയമിക്കുക. | **<u>ആരോഗ്യകുടുംബക്ഷേമ വകുപ്പ്</u>**<br>(24-4-2012-ലെ 49564/എ 3/2007/ ആ.കു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്പെഷ്യാലിറ്റി മെഡിക്കലാഫീസർ തസ്തികകളിൽ 283 എണ്ണം ഗൈനക്കോളജിസ്റ്റുകളുടേതാണ്. വിവിധ ആശുപത്രികളിലായി ഇവരുടെ സേവനം ഗ്രാമീണ മേഖലകളിലുൾപ്പെടെ ലഭ്യമാണ്.<br>(15-5-2012-ലെ യോഗത്തിൽ അംഗീകരിച്ചു) |

| 1 | 2 | 3 |
|---|---|---|
| | **15-5-2012-ൽ സമിതി ആരാഞ്ഞ അധികവിവരം**<br>സി.എച്ച്.സി.കൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ നിലവിലുള്ള ഗൈനക്കോളജിസ്റ്റുകളുടെ ലിസ്റ്റ് ലഭ്യമാക്കണമെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടു. | **ആരോഗ്യകുടുംബക്ഷേമ വകുപ്പ്**<br>(10-8-2012-ലെ 31542/എ 3/12/ ആ.ക.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്പെഷ്യാലിറ്റി മെഡിക്കൽഓഫീസർ തസ്തികകളിൽ 255 എണ്ണം ഗൈനക്കോളജി വിഭാഗത്തിനാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ 26-2-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 129/11/ആ.ക.വ. പ്രകാരം സൃഷ്ടിച്ച ഗൈനക്കോളജിസ്റ്റിന്റെ 28 തസ്തികകൾ താലൂക്ക് ആശുപത്രികളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമാണ് അനുവദിച്ചിട്ടുള്ളത്. ഈ ആരോഗ്യ സ്ഥാപനങ്ങൾ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഗൈനക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമായ സി.എച്ച്.സി.-കൾ ഉൾപ്പെടെയുള്ള ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br>(17-10-2012-ലെ യോഗത്തിൽ അംഗീകരിച്ചു) |

## ഭാഗം II

### റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയും ബന്ധപ്പെട്ട വകുപ്പിന്റെ പേരും ചേർത്തിരിക്കുന്നു

| ക്രമ നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|
| 1 | പോലീസ് സേനയുടെ സൽപ്പേരിനു കളങ്കം ചാർത്തുവാൻ ഇടയാക്കുംവിധം പ്രവർത്തിച്ചുവെന്നും ഗുരുതരമായ സ്വഭാവദൂഷ്യം കാണിച്ചിട്ടുള്ളതായി വെളിവായിട്ടുണ്ട് എന്ന് ഗവൺമെന്റ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇമ്മാതിരി കേസുകളിൽ ഇത്തരം പ്രതികൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (ഖണ്ഡിക 25) | ആഭ്യന്തരം |

തിരുവനന്തപുരം,
2016 ഒക്ടോബർ 17.

പി. അയിഷാ പോറ്റി,
*അദ്ധ്യക്ഷ,*
*(സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.)*

1135/2016.

Annexure ■-1

# NAME OF DEPARTMENTS WHERE COMPLAINT COMMITTEE HAS BEEN CONSTITUTED

1. Agriculture Department
2. Animal Husbandry Department
3. Archaeology Department
4. Ayurvedic Medical Education Department
5. Chemical Examiners Laboratory
6. Civil Supplies Department
7. Collegiate Education Department
8. Commercial Taxes Department
9. Commercial Taxes Department
10. Commissionerate of Entrance Examinations
11. Co-operation Department
12. Cultural Publications Department
13. Dairy Development Department
14. Drugs Control Department
15. Electrical Inspectorate
16. Enquiry Commissioner & Special Judge, Thiruvananthapuram.
17. Enquiry Commissioner & Special Judge, Thrissur
18. Enquiry Commissioner & Special Judge
19. Factories & Boilers Department
20. Fire Force Department

21. Fisheries Department

22. Forest Department

23. Ground Water Department

24. Health Service Department

25. Higher Secondary Education Department

26. Homoeopathy Department

27. Homoeo Medical Colleges

28. Indian Systems of Medicine Department

29. Irrigation Department

30. Kerala Agriculture Income Tax and Sales Tax Appellate Tribunal

31. Labour Department

32. Land Revenue Department

33. Legal Metrology Department

34. Local Fund Audit Department

35. Medical Education Department

36. Mining and Geology Department

37. Motor Vehicles Department.

38. Municipal Administration Department

39. Museums & Zoos Department

40. Panchayat Department

41. Police Department

42. Jails Department

43. Registration Department

44. Social Welfare Department

45. State Lotteries Department

46. Survey & Land Records Department

47. Technical Education Department

48. State Central Library

49. Vigilance & Anti Corruption Bureau

50. Vigilance Tribunal, Trivandrum

51. Vigilance Tribunal, Kozhikode

52. Water Appellate Authority

53. Directorate of Sports & Youth Affairs

54. Economic & Statistics Department

55. SC/ST Development Department

56. Industries & Commerce Department.

57. Port Department

58. Law Department.

59. Survey and Land Records
60. Archives Department
61. Industrial Training
62. Advocate General, Ernakulam
63. Police Department
64. Printing Department
65. Investigation and Design (IDRB)
66. Stationery Department
67. Scheduled Caste Development Department
68. Sarva Shiksha Abhiyan
69. Harbour Engineering Department
70. Water Transport Department
71. Lotteries Department
72. HR & CE Department
73. Sports Department
74. Directorate of Public Instructions
75. National Savings Department
76. Transport Department
77. Economics and Statistics Department
78. Coir Department
79. Scheduled Tribe Development Department
80. Commissionerate of Rural Development
81. Tourism Department
82. Institute of Management in Government
83. University of Kerala
84. Kochin University of Science and Technology
85. Audio Visual and Reprographic Center
86. Kerala State Council for Science, Technology and Environment

Annexure - II

# Public Sector Undertakings

1. Kerala Financial Corporation
2. Kerala Transport Development Financial Corporation
3. Kerala State Industrial Development Corporation
4. Kerala Feeds Ltd.
5. Meat Products of India
6. Kerala State Poultry Development Corporation
7. Kerala Livestock Development Board
8. Malabar Regional Co-operative Milk Producers Union
9. Travancore Sugars and Chemicals
10. Small Industries Development Corporation
11. Electrical and Allied Engineering Company Ltd.
12. Kerala State Textile Corporation
13. Kerala Automobiles Ltd.
14. Steel Complex Ltd.
15. Kerala Hi-tech Industries Ltd.
16. KBPS
17. Seetharam Textiles Ltd.
18. Forest Industries Travancore Ltd.
19. Foam Mattings India Ltd.
20. Steel and Industries Forgings Ltd.
21. KELTRON
22. Kerala State Handloom Development Corporation
23. Autokast Ltd.
24. Kerala State Tailoring Worker's Welfare Fund Board
25. Kerala Tourism Development Corporation
26. Coirfed
27. Centre for Water Resources Development and Management
28. Steel Industries India Ltd.
29. Metal Industries Ltd
30. Kerala State Beverages Corporation

ജയിൽ ആസ്ഥാനകാര്യാലയം, കേരളം, തിരുവനന്തപുരം

നടപടികൾ

വിഷയം: ജയിലുകൾ - ജീവനക്കാര്യം - ജയിൽ ആസ്ഥാനകാര്യാലയം - തൊഴിൽ സ്ഥലത്തെ സ്ത്രീകളുടെ നേരെയുള്ള ലൈംഗിക പീഡനം സംബന്ധിച്ച് പരാതികൾ കൈകാര്യം ചെയ്യുന്ന കമ്മിറ്റി പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 5.3.2001, 13.9.2001, 25.1.2002,7.2.2006,3.6.2008 എന്നീ തീയതികളിലെ ഈ ആഫീസിലെ ഇ2-5201/01 നമ്പർ ഉത്തരവുകൾ

<u>ഉത്തരവ് നമ്പർ : ഇ2-1441 /2009 തീയതി 13.2.2009</u>

തൊഴിൽ സ്ഥലത്തെ സ്ത്രീകളുടെ നേരെയുള്ള ലൈംഗിക പീഡനം സംബന്ധിച്ച് ഈ ആഫീസിലെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന കമ്മിറ്റി മേൽപരാമർശം ഉത്തരവുകൾ പ്രകാരം രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയിലെ അംഗമായിരുന്ന ശ്രീമതി. ആർ.വിജയകുമാരി 30.11.2008 ന് സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത ഒഴിവിലേക്ക് ഈ ആഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി. പി. സുലോചനയെ കമ്മിറ്റി അംഗമായി നിയമിച്ചുകൊണ്ട് താഴെ പ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി പുന:സംഘടിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീമതി.എ.പി.അംബികാ കുമാരി, പ്രോഗ്രാം ഓഫീസർ
2) ശ്രീമതി.കെ.ജയശ്രീ, പി.എ ടു എ.ഡി.ജി.പി(പ്രിസൺസ്)( ഇൻ ചാർജ്ജ്)
3) ശ്രീ.കെ.എ.കുമാരൻ,ചീഫ് വെൽഫെയർ ഓഫീസർ
4) ശ്രീമതി. പി.സുലോചന, സീനിയർ സൂപ്രണ്ട്, ജനറൽ സെക്ഷൻ
5) ശ്രീമതി.ജെ.സന്ധ്യ കോ-ഓർഡിനേറ്റർ, ഹ്യൂമൺ റൈറ്റ്സ് ലാ നെറ്റ് വർക്ക്, ടി.സി. 25 /2952, ജി.പി.ഒ ലേൻ ബിൽഡിംഗ് അബുജവിലാസം റോഡ് (എൻ.ജി.ഒ അംഗം)

ശ്രീമതി.എ.പി.അംബികാ കുമാരി കമ്മിറ്റിയുടെ അദ്ധ്യക്ഷയായിരിക്കും

13.02.09

ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്
(പ്രിസൺസ്)

ശ്രീമതി.എ.പി.അംബികാ കുമാരി, പ്രോഗ്രാം ഓഫീസർ.
ശ്രീമതി.കെ.ജയശ്രീ, പി.എ. ടു അഡി.ഡി.ജി.പി (പ്രിസൺസ്)( ഇൻ ചാർജ്ജ്)
ശ്രീ.കെ.എ.കുമാരൻ, ചീഫ് വെൽഫെയർ ഓഫീസർ,
ശ്രീമതി. പി.സുലോചന, സീനിയർ സൂപ്രണ്ട്, ജനറൽ സെക്ഷൻ,
ശ്രീമതി.ജെ.സന്ധ്യ കോ-ഓർഡിനേറ്റർ, ഹ്യൂമൺ റൈറ്റ്സ് ലാ നെറ്റ് വർക്ക്, ടി.സി. 25 /2952, ജി.പി.ഒ ലേൻ ബിൽഡിംഗ് അബുജവിലാസം റോഡ് (എൻ.ജി.ഒ അംഗം)

പകർപ്പ്: എ.ഒ, എസ്.എസ്(ഇ), ഫയൽ, കരുതൽ ഫയൽ

## ജയിൽ ആസ്ഥാനകാര്യാലയം, കേരള, തിരുവനന്തപുരം – 12.

**നടപടികൾ**

വിഷയം:- ജയിലുകൾ – കേരള നിയമസഭ – സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി – തൊഴിൽ സ്ഥലത്തെ സ്ത്രീകളുടെ നേരെയുള്ള ലൈംഗിക പീഡനം – കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സർക്കാരിന്റെ 74075/ബി1/2009/ആഭ്യന്തരം (ബി) വകുപ്പ് എന്ന 30.11.09 തീയതിയിലെ കത്ത്.

### ഉത്തരവ് നമ്പർ ഇ3 – 606 / 2010 തീയതി : 08/02/2010

തൊഴിൽ സ്ഥലത്തെ സ്ത്രീകളുടെ നേരെയുള്ള ലൈംഗികാക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ത്രീകൾക്കായി ഒരു പരാതി പരിഹാരസെൽ ചീഫ് ആഡിറ്റ് ആഫീസർ അദ്ധ്യക്ഷയായും താഴെ പറയുന്ന 14 അംഗങ്ങളെ മെമ്പർമാരായും ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | | |
|---|---|---|---|
| | ചീഫ് ആഡിറ്റ് ആഫീസർ | : | അദ്ധ്യക്ഷൻ |
| 1. | വനിതാജയിൽ സൂപ്രണ്ട് | : | മെമ്പർ |
| 2. | ഡി.ഐ.ജി, ആസ്ഥാനകാര്യാലയം | : | ,, |
| 3. | ജനറൽ സെക്ഷൻ സൂപ്രണ്ട് | : | ,, |
| 4. | വെൽഫെയർ ഓഫീസർ, വനിതാജയിൽ, നെയ്യാറ്റിൻകര | : | ,, |
| 5. | സീനിയർ മേട്രൺ, വനിതാജയിൽ, നെയ്യാറ്റിൻകര | : | ,, |
| 6. | വെൽഫെയർ ഓഫീസർ, ജില്ലാജയിൽ, തിരുവനന്തപുരം. | : | ,, |
| 7. | സെൻട്രൽ ജയിൽ സൂപ്രണ്ട്, തിരുവനന്തപുരം | : | ,, |
| 8. | മേട്രൺ ഗ്രേഡ് 1, സെൻട്രൽ ജയിൽ, തിരുവനന്തപുരം | : | ,, |
| 9. | ജൂനിയർ സൂപ്രണ്ട് (വനിത) | : | ,, |

| | | |
|---|---|---|
| 10. | ചീഫ് വെൽഫെയർ ഓഫീസർ | : മെമ്പർ |
| 11. | ഹെഡ്ക്ലാർക്ക്, വനിതാജയിൽ | : " |
| 12. | ശ്രീമതി. ജെ. സന്ധ്യ.,<br>കോ-ഓർഡിനേറ്റർ,<br>ഹ്യൂമൺ റൈറ്റ്സ് ലാ നെറ്റ് വർക്ക്,<br>റ്റി.സി. 25 / 2952<br>ജി.പി.ഒ. അംബികാവിലാസം റോഡ്<br>(എൻ.ജി.ഒ. അംഗം) | : " |

Alexander Jacob
16-2-2010.
അഡീ. ഡയറക്ടർ ജനറൽ ഓഫ് പോലീസ്
(പ്രിസൺസ്)

To

എല്ലാ അംഗങ്ങൾക്കും.

പകർപ്പ് : ഫയൽ / കരുതൽ ഫയൽ

അനുബന്ധം - 3

**കേരള സർക്കാർ**

നം. 11271/എ.എഫ്.2/04/കൃഷി.

**കൃഷി(ഫാംസ്) വകുപ്പ്**
തിരുവനന്തപുരം,
തീയതി 26/06/2009.

**സെക്രട്ടറി**

**സെക്രട്ടറി,**
**കേരള നിയമസഭ,**
**തിരുവനന്തപുരം.**

സർ,

വിഷയം:- കൃഷി വകുപ്പ് - കേരള നിയമസഭ - സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി - ഒന്നാമത് റിപ്പോർട്ടിലെ (2001-03) ശുപാർശകളിൻമേൽ നടപടി സ്വീകരിക്കുന്നതു - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 3/4/04-ലെ 9861/ഡബ്ല്യൂയു & സി. ഡബ്ല്യൂയു.സി.എ.2/02/ലെജി. നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി - ഒന്നാമത് റിപ്പോർട്ടിലെ 404-ാംമത്തെ ഖണ്ഡികയിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശുപാർശയിൻ മേൽ സ്വീകരിച്ച നടപടിയുമായി ബന്ധപ്പെട്ട് ലഭിച്ച റിപ്പോർട്ടിൽ പറയും പ്രകാരം അർഹതപ്പെട്ട അപേക്ഷകളിൽ ന്യായമായ തീരുമാനങ്ങളെടുക്കുന്നതിൽ കാലതാമസം വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് സൂചന കത്തിൽ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ 30 പ്രതികൾ ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

**ജി.ഷാജി**
**ജോയിന്റ് സെക്രട്ടറി**
**പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി**

അനുബന്ധം - 4

## Name of Hospitals which have the service of Gynaecologists

| S.No | Name of Hospitals | No of post sanctioned |
|---|---|---|
| | **(1)Thiruvananthapuram District.** | |
| 1 | W&C Hospital, Thiruvananthapuram | 16 |
| 2 | District Hospital, Peroorkada | 4 |
| 3 | THQH,Parasala | 2 |
| 4 | THQH,Neyyattinkara | 3 |
| 5 | THQH, Chirayinkeezhu | 3 |
| 6 | THQH,Nedumangad | 3 |
| 7 | CHC,Attingal | 1 |
| 8 | CHC,Palode | 1 |
| 8(a) | CHC,Nemom | 1 |
| | **(2)Kollam District** | |
| 9 | Victoria Hospital,Kollam | 10 |
| 10 | THQH,Kottarakara | 3 |
| 11 | THQH,Karunagappally | 3 |
| 12 | THQH,Punalur | 2 |
| 13 | THQH,Kakaddal | 2 |
| 14 | THQH,Sasthamkottah | 2 |
| 15 | THQH, Neendakara | 2 |
| 16 | THQH,Kundara | 2 |
| 17 | THQH, Nedumgolam | 1 |
| | **(3)Alappuzha District** | |
| 18 | W&C Hospital, Alappuzha | 7 |
| 19 | THQH,Cherthala | 4 |
| 20 | THQH,Mavelikkara | 3 |
| 21 | THQH,Harippad | 2 |
| 22 | THQH, Pulinkunnu | 2 |
| 23 | TH,Kayamkulam | 2 |
| 24 | THQH,Chengannoor | 2 |
| | **(4)Kottayam District** | |
| 25 | District Hospital, Kottayam | 3 |
| 26 | THQH,Changanachery | 2 |
| 27 | General Hospital,Pala | 2 |

| | | |
|---|---|---|
| 28 | THQH Kanjirappally | 2 |
| 29 | THQH Vaikom | 3 |
| 30 | THQH,Kumarakom | 1 |
| 31 | CHC,Puthenvelikara | 1 |

## (5)Pathanamthitta District

| | | |
|---|---|---|
| 32 | General Hospital, Pathanamthitta | 3 |
| 33 | District Hospital, Kozhencherry | 2 |
| 34 | Taluk Hospital, Thiruvalla | 2 |
| 35 | G.H, Adoor | 2 |
| 36 | THQH, Ranni | 2 |

## (6) Idukki District

| | | |
|---|---|---|
| 37 | District Hospital, Idukki | 3 |
| 38 | THQH,Thodupuzha | 3 |
| 39 | THQH, Peerumedu | 2 |
| 40 | THQH, Adimali | 2 |
| 41 | THQH,Nedumkandom | 2 |

## (7)Ernakulam District

| | | |
|---|---|---|
| 42 | G.H.Ernakulam | 5 |
| 43 | W&C Hospital, Ernakulam | 4 |
| 44 | THQH,Moovattupuzha | 2 |
| 45 | T.H. Fort Kochi | 2 |
| 46 | THQH,Aluvazha | 2 |
| 47 | THQH, Perumbavoor | 2 |
| 48 | THQH, North Paravoor | 2 |
| 49 | THQH, Thrippunithura | 2 |
| 50 | THQH, Kothamangalam | 2 |

## (8)Thrissur District

| | | |
|---|---|---|
| 51 | District Hospital, Thrissur | 4 |
| 52 | T.H. Kunnamkulam | 2 |
| 53 | THQH Iringalakuda | 2 |
| 54 | THQH,Kodungallor | 2 |
| 55 | THQH, Chalakudy | 2 |
| 56 | THQH,Chavakkad | 2 |
| 57 | THQH, Vadakkancherry | 2 |
| [illegible] | [illegible] | 1 |
| [illegible] | THQH [illegible] | 2 |
| [illegible] | [illegible] | 2 |

| (9)Palakkad District | | |
|---|---|---|
| 61 | District Hospital, Palakkad | 8 |
| 62 | THQH, Ottappalam | 2 |
| 63 | THQH, Mannarkad | 2 |
| 64 | THQH,Chittoor | 2 |
| 69 | THQH,Alathoor | 2 |
| 66 | T.H,Pattambi | 2 |
| 67 | Tribal Speciality, Attappadi | 1 |
| 68 | THQH,Elappally | 2 |
| 69 | CHC, Kuzhalmannam | 2 |
| (10)Malappuram District | | |
| 70 | District Hospital, Manjeri | 6 |
| 71 | THQH,Perinthalmanna | 3 |
| 72 | THQH,Tirur | 3 |
| 73 | THQH, Thirurangadi | 3 |
| 74 | THQH,Ponnani | 3 |
| 75 | THQH, Malappuram | 2 |
| 76 | THQH,Nilamboor | 3 |
| 77 | THQH, Kuttippuram | 1 |
| (11) Kozhikode District | | |
| 78 | G.H.Kozhikode | 2 |
| 79 | W&C Hospital, Kozhikode | 8 |
| 80 | THQH, Badagara | 3 |
| 81 | THQH,Quilandi | 2 |
| 82 | T.H, Perambra | 1 |
| 83 | T.H, Nedumpuram | 2 |
| 84 | T.H,Thamarassery | 2 |
| 85 | T.H,Kuttiyadi | 2 |
| 86 | THQH, Faroke | 1 |
| (12) Wayanad District | | |
| 87 | District Hospital, Mananthavady | 4 |
| 88 | THQH,Vythiri | 3 |
| 89 | G.H, Kalpetta | 2 |
| 90 | THQH,Sulthanbethery | 2 |
| 91 | Tribal Speciality, Nooranadu | 1 |
| | CHC,Meenangadi | 1 |

| (13) Kannur District | | |
|---|---|---|
| 93 | District Hospital, Kannur | 6 |
| 94 | G.H, Thalassery | 6 |
| 95 | T.H, Kuthuparambu | 2 |
| 96 | T.H, Payyannoor | 2 |
| 97 | THQH, Thaliparamba | 3 |
| 98 | T.H, Peravoor | 2 |
| 99 | CHC,Irritty | 2 |
| 100 | CHC, Irikkur | 1 |
| 101 | CHC,Mattanur | 1 |
| 102 | THQH,Payangadi | 1 |
| 103 | CHC, Mayyil | 1 |
| **(14) Kasaragod District** | | |
| 104 | District Hospital, Kanhangad | 3 |
| 105 | G.H, Kasaragod | 3 |
| 106 | THQH,Manjeswaram | 1 |
| *Thiruvananthapuram District* | | |
| 108 | Govt.Ayurveda Hospital, Poojappura | 2 |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.